# യൂണിറ്റ് 1
# ഇത്തിരി പൂവേ കുരുന്നുപൂവേ

പൂക്കളും പൂമ്പാറ്റയും മഴയും കാടും മലയും മനുഷ്യനും ചേർന്ന പ്രകൃതി നമുക്കു മുന്നിൽ അനന്തമായ സൗന്ദര്യം തുറന്നിടുന്നു.

“മർത്ത്യരാശിക്കു വായിക്കാൻ
പഠിപ്പാനറിവേറുവാൻ
തുറന്നിരിക്കുമീഗ്രന്ഥം
തുല്യമറ്റത് തന്നെയാം “
(വെണ്ണിക്കുളം)

വായിച്ചാലും വായിച്ചാലും തീരാത്ത പ്രകൃതി പുസ്തകത്തിലെ താളുകൾ എത്ര മറിച്ചാലും തീരുന്നില്ല.

“കാട്ടുമുല്ലകൾ പൂക്കുന്ന
വന വീഥിയിലൂടവേ
വരുമോ കുങ്കുമം തൊട്ട
സാന്ധ്യശോഭ കണക്കവൾ!”
(പി.കുഞ്ഞിരാമൻ നായർ)

ഒരു ദിവസത്തെ സന്ധ്യാകാശം മറ്റൊരു ദിവസത്തിൻറെ പകർപ്പല്ല. ഒരു വസന്തം മറ്റൊന്നിൽ നിന്ന് വ്യത്യസ്തമാണ്. ഇടവപ്പാതി മഴയുടെ വരവ് എല്ലാ വർഷവും പലതരത്തിലാണ്. എന്നാൽ ഈ വൈവിധ്യത്തെ കൂടുതൽ ആകർഷകമാക്കുന്ന മറ്റൊരു ഘടകം കൂടി പ്രകൃതിയിൽ ഉണ്ട്.

“വിവിധതപോലും വിരസമാണോർത്താൽ
വിരുദ്ധതയുടെ ചരടുപൊട്ടിയാൽ . “
(ചങ്ങമ്പുഴ)

അപ്പോൾ എന്താണ് പ്രകൃതിയിലെ വിരുദ്ധത?

“ഇരുളാലെപുതപ്പിച്ചു കിടത്തുമമ്മ
വെളിച്ചത്താൽ മുല നൽകി വളർത്തുമമ്മ. “
(ഇടശ്ശേരി)

ഇരുട്ടും വെളിച്ചവും തമ്മിലുള്ള വൈരുദ്ധ്യം ഒരിക്കലും അവസാനിക്കുന്നില്ല. എന്നാൽ പരസ്പരം ചേർന്നും പിരിഞ്ഞുമാണിവയുടെ നിൽപ്പ്. ഇരുട്ടില്ലെങ്കിൽ വെളിച്ചത്തിനോ വെളിച്ചമില്ലെങ്കിൽ ഇരുട്ടിനോ പ്രസക്തി നഷ്ടമാകും.

“നിഴൽ നീങ്ങി നിമിഷത്തിൽ നിറനിലാവോലുന്ന
നിലയല്ലോ നിർമ്മല ബാല്യകാലം. “
(ചങ്ങമ്പുഴ)

നിഴലും നിലാവും മാറിമാറി പ്രതിഫലിക്കുന്ന കുട്ടിയിൽ കാണുന്നത് പ്രകൃതിയുടെ വൈരുദ്ധ്യവും അത് നൽകുന്ന സൗന്ദര്യവും ആണ്. മനുഷ്യപ്രകൃതി,പ്രകൃതിയുടെ തുടർച്ചയായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

"ഒരു പകുതിപ്രജ്ഞയിൽ നിഴലും നിലാവും
ഒരു പകുതി പ്രജ്ഞയിൽ കരിപൂശിയ വാവും "
(ചങ്ങമ്പുഴ)

ചേരുമ്പോഴാണ് കവിതയും കലയും സുന്ദരമാകുന്നത്.

മിഴികളിൽ നീലവാനമുള്ള പൂക്കളെ ക്കുറിച്ച് മണ്ണിന്റെ കിനാവുകൾ എന്ന കവിതയിൽ സൂചിപ്പിക്കുന്നു. ആകാശത്തിന്റെ പരപ്പും വലുപ്പവും വർണ്ണവൈചിത്ര്യങ്ങളും ചെറിയ ഒരു പൂവിന്റെകണ്ണിൽ പ്രതിഫലിക്കുന്നു. വലുപ്പവും വ്യാപ്തിയും വൈവിധ്യവും ചെറിയ വസ്തു ഉൾക്കൊള്ളുമ്പോൾ അത് സുന്ദരമായി മാറുന്നു. വലുതിനെ ഉൾക്കൊള്ളുന്ന ചെറുത് അങ്ങനെ പ്രകൃതി സൗന്ദര്യം പ്രതിഫലിപ്പിക്കുന്നു. മഞ്ഞുതുള്ളിയിൽ കാടു പ്രതിഫലിക്കുന്നതുപോലെ തന്നെ .ഇവിടെ വലുത്, ചെറുത് എന്നിവ തമ്മിലുള്ള വൈരുദ്ധ്യമാണ് സൗന്ദര്യം ഉണ്ടാക്കുന്നത്.

കടുത്ത വേനലിൽ വറ്റിവരണ്ട നിർച്ചാലുകൾക്കും തീ വീണ കുന്നുകൾക്കും മുകളിൽ പെയ്തിറങ്ങുന്ന കാട്ടിലെ മഴയുടെ സൗന്ദര്യവും ഇതുപോലെ വായിക്കാം .കടുത്ത ചൂടിൽ പെയ്തിറങ്ങുന്ന മഴയുടെ തണുപ്പും ആർദ്രതയും ഓർമ്മക്കുറിപ്പിനെ സുന്ദരമാക്കുന്നു. ആകാശത്തിന്റെ വിശാലതയും പച്ചവയലിലെ ധാന്യമണികളും നഷ്ടമാകുന്ന വാനമ്പാടിക്ക് ഒരു പുൽനാമ്പിനെ മരമായും ഓരോ ഇതളിനേയും പൂവായും പരിഗണിക്കേണ്ടി വരുന്നു.

"ഒരു പൂ മതി ഉർവിക്കു ചൈത്രമാസം കുറിക്കുവാൻ
ഒരു സങ്കല്പമേ വേണ്ടൂ ജീവിതങ്ങൾക്കു പൂവിടാൻ . "
(ഇടശ്ശേരി)

വിശാലമായ ലോകം നഷ്ടപ്പെടുമ്പോൾ പോലും ലഭ്യമായ പ്രകൃതി സൗന്ദര്യത്തിൽ സന്തോഷം കണ്ടെത്താം. ബഷീറിൻറെ മതിലുകൾ എന്ന രചനയും ഈ സന്ദേശം ഉയർത്തിപ്പിടിക്കുന്നു. അങ്ങനെ പ്രകൃതി സൗന്ദര്യത്തിന്റെ അനേകം സാധ്യതകളാണ് ഈ യൂണിറ്റ് തുറന്നു തരുന്നത്.

## മണ്ണിന്റെ കിനാവുകൾ

'പനിനീർപ്പൂവും പൈതലും' എന്ന കവിതയിൽ കുട്ടിയുടെ കയ്യിൽ വച്ചു കൊടുക്കുന്ന പൂവിന് ഉണ്ടാകുന്ന മാറ്റം വള്ളത്തോൾ ചിത്രീകരിക്കുന്നുണ്ട്.

"പൂവൽക്കരത്തിൽ പകർന്നതോടൊപ്പമ-
പ്പൂവുകൾ പൂവുകളായി പേർത്തും!
പൂവേ നീ ബാല്യമോ? ബാല്യമേ പൂവോ നീ ?
കേവലമൊന്നിൻ പേരാക രണ്ടും!"

പൂവിനെയും കുട്ടിയെയും കേവലമൊന്നാക്കി മാറ്റുന്നത് സൗന്ദര്യമാണ്. കുട്ടിയും പൂവും പ്രകൃതിയുടെ ഭാഗമാണ്. സ്വാഭാവികമായും പ്രകൃതി സൗന്ദര്യം രണ്ടിനെയും ഒന്നാക്കി മാറ്റുന്നു. കുട്ടിയുടെ കൈകളിൽ എത്തുമ്പോഴാണ് പൂവ് പൂവായി മാറുന്നത്.
പൂക്കൾക്ക് ചുറ്റുമുള്ള വെയിലും നിലാവും സന്ധ്യയും അവയ്ക്ക് പകർന്നു നൽകുന്ന സൗന്ദര്യത്തെക്കുറിച്ച് മണ്ണിന്റെ കിനാവുകൾ എന്ന കവിതയിൽ സൂചിപ്പിക്കുന്നു. മുക്കുറ്റിയും തുമ്പയും ജമന്തിയുമെല്ലാം ഇങ്ങനെ ചുറ്റുപാടുകളോടെ ചേരുമ്പോൾ കൂടുതൽ സൗന്ദര്യം നേടുന്നു. തിരിച്ച് ഭൂമിയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്ന വാടാമലരുകളും ഉണ്ട്. കാറ്റിന് സുഗന്ധം സമ്മാനിക്കുന്ന പനിനീർ പൂക്കളുണ്ട്. ഭൂമിയുടെ മക്കളായി പിറക്കുന്ന പൂക്കൾ ഇരുട്ടിൽ ചിരിച്ചും ചൂടിൽ വാടാതെ കരുത്ത് കാട്ടിയും പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാതൃക സൃഷ്ടിക്കുന്നു. ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ടുപോകാനുള്ള കരുത്തും ഊർജ്ജവും അവ നമുക്ക് പകർന്നു നൽകുന്നു.

"വെളിച്ചം നുകർന്നും തൻ തപസിൻ ചൂടാൽക്കൊടും
വെയിൽച്ചൂടിനെ വെന്നും പുഞ്ചിരിക്കയാണിപ്പോൾ!
ഒരു ദുഃഖത്തിൻ വെയിലാറുമെൻ മനസ്സിലു -
മൊരു പൂ വിരിയുന്നു: പേരിടാനറിയില്ല!"
(നാലുമണിപ്പൂക്കൾ - ഒ.എൻ.വി. കുറുപ്പ്)

തപസ്സുകൊണ്ട് കൊടും വെയിൽച്ചൂടിനെ ജയിക്കുകയും പുഞ്ചിരി ലോകത്തിന് സമ്മാനിക്കുകയും ചെയ്ത പൂവിനെക്കുറിച്ചാണ് ഒഎൻവി പറയുന്നത്. ഇങ്ങനെ വരുമ്പോൾ ദുഃഖത്തിന്റെ വെയിലാറുന്ന മനസ്സിലും പൂവിരിയും! പൂക്കൾ മണ്ണിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളുമായി വളരും; ഉയരും. പരുക്കൻ പാറയും കല്ലും മണ്ണിന്റെ നനവും ചെടിയുടെ പച്ചപ്പും എല്ലാംചേർന്ന ഭൂമിയുടെ കിനാവുകളായി, പ്രതീക്ഷകളായി പൂക്കൾ എന്നും നമുക്കൊപ്പമുണ്ടാകും

**പ്രവേശകം**

കുട്ടിയും പക്ഷിയും കാണുന്ന മരക്കാഴ്ചകളാണ് പ്രവേശകത്തിൽ കൊടുത്തിരിക്കുന്നത്. ഇതിലേക്ക് കുട്ടിയെ നയിക്കുന്നതിനായി ചിലഅനുഭവങ്ങൾ ഒരുക്കാവുന്നതാണ്.

- മനോഹരമായ മഴക്കാഴ്ചയുടെ വീഡിയോ പ്രസന്റേഷൻ (കാഴ്ച പരിമിതരായ കുട്ടികളുണ്ടെങ്കിൽ വിവരണവും വേണം.
- മഴപ്പെയ്ത്തിന്റെ പെയിന്റിംഗുകൾ, ചിത്രങ്ങൾ. (ഇവ മുൻകൂട്ടി ക്ലാസിൽ പതിച്ച് വയ്ക്കുകയുമാവാം)
- മഴപ്പാട്ടുകൾ സിനിമാഗാനങ്ങൾ എന്നിവ കേൾക്കാനും പാടാനും അവസരം നൽകാം
- മഴയുള്ള സമയമാണെങ്കിൽ മഴകാണാൻ അനുവദിക്കണം. അതിനുശേഷമാവണം. പ്രവേശകം വായിക്കാൻ നൽകേണ്ടത്.

പ്രവർത്തനത്തിൽ പറയുന്ന ഇഷ്ടപ്പെട്ട കാഴ്ചകൾ ടെക്സ്റ്റ് ബുക്കിൽ തന്നെ എഴുതാൻ നിർദ്ദേശിക്കാവുന്നതാണ്.

മഴകണ്ടപ്പോൾ, മഴകൊണ്ടപ്പോൾ, മഴക്കാഴ്ചകൾ കണ്ടപ്പോൾ നമുക്ക് എത്ര സന്തോഷമായി. മഴ മുഴുവൻ ഏറ്റുവാങ്ങിയ മണ്ണിന്റെ സന്തോഷം വളരെവലുതായിരിക്കും എന്ന സൂചന നൽകാം. തുടർന്ന് മണ്ണിന്റെ കിനാവുകൾ എന്ന കവിത ഒന്നോ രണ്ടോ വട്ടം മനസ്സിരുത്തി വായിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

## ഈണത്തിൽ താളത്തിൽ

- വ്യക്തിഗത വായന
- ഒന്നോ രണ്ടോ പേരുടെ അവതരണം
- സംഘമായി ഈണം നൽകിയ അവതരണം.
- ചൊല്ലി പരിചയിക്കാൻ സമയം നൽകണം.
- ഒന്നോ രണ്ടോ പേരുടെ അവതരണം
- സംഘമായി ഈണം നൽകിയ അവതരണം.
- തൽസമയ പിന്തുണ നൽകണം
- സൂചകങ്ങൾ ക്ലാസിൽ കുട്ടികളുടെ സഹായത്തോടെ രൂപപ്പെടുത്തി ഗ്രൂപ്പുകൾ വിലയിരുത്തട്ടെ
- അവതരണത്തിനു ശേഷം ആവശ്യമെങ്കിൽ കവിതയുടെ ഓഡിയോ കേൾപ്പിക്കുകയോ സ്വയം ചൊല്ലുകയോ ആവാം

ഏത് അവതരണമാണ് മികച്ചത്?
എന്തുകൊണ്ട്?
1 നന്നായി ചൊല്ലി
2 ഭാവമുണ്ടായിരുന്നു
3 ............................
4 ............................
5 ............................

## പൂക്കളെ പരിചയപ്പെടാം

- കവിതയിൽ പരാമർശിക്കപ്പെടുന്ന പൂക്കൾ ഏതെല്ലാം എന്ന് കുട്ടികൾ പറയട്ടെ. (പിന്നാക്കക്കാരന് അവസരം നൽകണം)
  *മുക്കുറ്റി *തുമ്പ *ജമന്തി *കോളാമ്പി *പനിനീർ *കൃഷ്ണകിരീടം
- പെൻസിൽ, ഇറേസർ, ക്രയോൺസ് തുടങ്ങി ആവശ്യമായ സാമഗ്രികൾ നേരത്തെ കൊണ്ടുവരാൻ പറയണം.
- പാഠപുസ്തക ഭാഗത്ത് തന്നെ കുട്ടികൾ വർണ്ണചിത്രം വരക്കട്ടെ.
- കുട്ടികൾക്ക് പരിചയമില്ലാത്ത പൂക്കളുണ്ടെങ്കിൽ അവയുടെ ചിത്രം പ്രദർശിപ്പിക്കണം.

**രാജമുദ്രയണിഞ്ഞ ചെന്താരുകൾ**

രാജമുദ്ര എന്നതിലൂടെ രാജാധികാരത്തിന്റെ ചിഹ്നമായ കിരീടത്തെയാണ് സൂചിപ്പിക്കുന്നത്. നാട്ടിൻപുറങ്ങളിൽ സാധാരണ കണ്ടുവരുന്നതും കിരീടാകൃതിയുള്ളതും ചുവന്ന നിറമുള്ളതുമായ കൃഷ്ണകിരീടമെന്ന പൂവാണ് ഇവിടെ പരാമർശിക്കുന്നത്.

- വർണ്ണക്കടലാസ് കൊണ്ട് പൂക്കൾ ഉണ്ടാക്കാനുള്ള പ്രവർത്തനവും നൽകാവുന്നതാണ്. അതിനായി സ്കൂളിലെ/ബി.ആഡ.സിയിലെ പ്രവൃത്തി പരിചയഅധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താം.
- തുടർന്ന് സ്കൂളിലെയോ വീട്ടിലേയോ ഉദ്യാനം സന്ദർശിക്കാൻ അവസരം നൽകണം.
- കുട്ടികൾ വീട്ടിലെ തോട്ടത്തിലെയോ, നാട്ടിലെയോ പൂക്കളുടെ ഫോട്ടോ എടുത്ത് ഗ്രൂപ്പിലിടട്ടെ.
- തുടർന്നുവേണം നോട്ടുപുസ്തകത്തിൽ ഒന്നോ രണ്ടോ പേജ് നിറയെ പൂക്കളുടെ ചിത്രം വരച്ച് നിറം കൊടുക്കാനുള്ള പ്രവർത്തനം നൽകാൻ. കുട്ടികൾക്ക് ഇഷ്ടമുള്ളപൂക്കളുടെ ചിത്രം വീട്ടിൽ നിന്നും വരച്ചു കൊണ്ടുവരട്ടെ.

## നമുക്കും പൂക്കളാകാം

- കവിതയിൽ പറയുന്ന പൂക്കളുടെ പേരിൽ കുട്ടികൾ ഗ്രൂപ്പാവണം(ഏഴ് ഗ്രൂപ്പ്)അവർക്ക് ലഭിച്ച പൂവിനെക്കുറിച്ച് പറയുന്ന വരികൾ കണ്ടെത്തി ഗ്രൂപ്പിൽ അവതരിപ്പിക്ക

ണം. അവയുടെ സവിശേഷതകൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ

ഉദാ: പൊൻവെയിലിൽ കുരുത്ത മുക്കുറ്റികൾ,

സന്ധ്യ നെഞ്ചത്തെടുത്ത് ലാളിച്ചതിനാൽ ചന്തം ലഭിച്ച ജമന്തികൾ

- ആവശ്യമായ പിന്തുണ ടീച്ചർ ഓരോ ഗ്രൂപ്പിനും നൽകണം
- തുടർന്ന് ക്ലാസ്സിൽ പൊതുവായി അവതരിപ്പിച്ച് സവിശേഷതകൾ പങ്കുവയ്ക്കണം
- ഗ്രൂപ്പ് അവതരണത്തിന്റെ മികവുകൾ നിരന്തര വിലയിരുത്തലിന് പരിഗണിക്കണം

## ഓർത്തുചൊല്ലാം.

പൂക്കളെ കുറിച്ചുള്ള സിനിമാഗാനങ്ങൾ, ചെറുകവിതകൾ എന്നിവ ഓർത്തു പറയാനും ചൊല്ലാനും ധാരാളം അവസരങ്ങൾ ക്ലാസ് മുറിയിൽ ഉണ്ടാകേണ്ടതുണ്ട്. ഓരോ പൂവിനെക്കുറിച്ചും അവയുടെ സവിശേഷതകളെക്കുറിച്ചും പറയുന്ന വരികൾ അതത് പേരിലുള്ള ഗ്രൂപ്പുകൾ ഓർത്തു ചൊല്ലട്ടെ. പിന്നീട് ഗ്രൂപ്പുകൾക്ക് മറ്റു പൂവുകളെക്കുറിച്ചും ചൊല്ലാൻ അവസരം നൽകണം.

## പൂക്കളോടൊപ്പം

പൂക്കൾ മണ്ണിന്റെയോമൽക്കിനാവുകൾ
പൂക്കൾ ജീവന്റെ പ്രേമപ്രതീക്ഷകൾ

വരികൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം.

- ചർച്ച

ചർച്ചയിൽ വരേണ്ടവ

പൂക്കൾ മണ്ണിന്റെയോമൽക്കിനാവുകൾ

* മണ്ണിന്റെ/ഭൂമിയുടെ മക്കളാകുന്ന പൂക്കൾ
* മക്കളെക്കുറിച്ച് അമ്മമാർ കാണുന്ന സ്വപ്നങ്ങൾ
* നിങ്ങളെക്കുറിച്ച് അമ്മയ്ക്കുള്ള സ്വപ്നങ്ങൾ

ജീവന്റെ പ്രേമപ്രതീക്ഷകൾ

* ജീവിക്കാൻ പ്രേരിപ്പിക്കുന്നു
* പ്രേമവും പ്രതീക്ഷയും ആകുന്നു

കൂടുതൽ വരികൾ കുട്ടികൾ കണ്ടെത്തട്ടെ.

വിശകലനം ചെയ്ത് അവതരിപ്പിക്കാൻ അവസരം നൽകണം

ആവശ്യമായ തൽസമയ പിന്തുണ നൽകണം

## പൂക്കളും നമ്മളും

നീലവാനം മിഴികളിലുള്ളവർ
നീർക്കണങ്ങളാൽ മാല ചാർത്തുന്നവർ
ഏതു ചൂടിലും വാടാതെ നിൽപ്പവർ
എതിരുട്ടിലും മന്ദഹസിപ്പവർ

വരികൾ കുട്ടികൾ നോട്ടുബുക്കിൽ എഴുതണം.

-

ഈ വരികൾക്ക് മുന്നിലും പിന്നിലുമുള്ള വരികളുടെ വായന

- പൊതു ചർച്ച

ചർച്ചാ സൂചകങ്ങൾ

* ഭൂമിയുടെ മക്കളായി പിറക്കുന്ന പൂക്കൾ
* നീലവാനം മിഴികളിലുള്ളവർ

(നീലവാനത്തിന്റെ സവിശേഷതകൾ (നിറം,വിശാലത, ഭംഗി.)

- നീലവാനം മിഴികളിലുള്ളവർ
  * നീലാകാശം തന്നെ കണ്ണുകളിലുള്ളവർ, എല്ലാം കാണാനും അറിയാനും ഉള്ള കൗതുകം, ഭംഗി.)

| |
|---|
| പൂവിന്റെ ഭംഗി അവതരിപ്പിക്കുന്നതും മറ്റു പലതിനെ പൂക്കളായി സങ്കൽപ്പിക്കുന്നതുമായ ധാരാളം പാട്ടുകളും സിനിമാഗാനങ്ങളും ഉണ്ട്. അവയിൽ ചിലത് |
| 1 വൃശ്ചികരാത്രിതൻ അരമന മുറ്റത്തൊരു<br>പിച്ചകപ്പൂപ്പന്തലൊരുക്കി വാനം<br>പിച്ചകപ്പൂപ്പന്തലൊരുക്കി |
| 2 കിഴക്ക് ദിക്കിലെ ചെന്തെങ്ങിൽ<br>കരിക്ക് പൊന്തിയ നേരത്ത്<br>മുരുക്കിൻതയ്യേ നിന്നുടെ ചോട്ടിൽ<br>മുറുക്കി തുപ്പിയതാരാണ് |
| 3............................................................... |
| 4............................................................... |

- നീർക്കണങ്ങളാൽ മാല ചാർത്തുന്നവർ
  * മഞ്ഞുതുള്ളികൾ വീണു കിടക്കുന്ന പൂക്കളുടെ ഭംഗി
  * കണ്ണീർതൂകി വരുന്ന കുട്ടി.
- ഏതു ചൂടിലും വാടാതെ നിൽപ്പവർ
  * എല്ലാ പ്രയാസങ്ങളിലും തളരാതെ നിൽക്കാനുള്ള കരുത്ത്
  * 2..................
  * 3.......................
- ഏതിരുട്ടിലും മന്ദഹസിപ്പവർ
  * 1 ദുഃഖം ഉള്ളിൽ ഒതുക്കി ചിരിക്കുന്നവർ
  * 2.......................
  * 3................
- വരികളുടെ വിശകലനചർച്ച നടന്നതിന് ശേഷം സ്വതന്ത്ര രചനയ്ക്ക് അവസരം നൽകണം
- രൂപപ്പെട്ട കുറിപ്പുകൾ വിലയിരുത്തണം

| |
|---|
| സൂചകങ്ങൾ |
| 1 വായിക്കാൻ പ്രേരിപ്പിക്കുന്ന തുടക്കം |
| 2 ആശയങ്ങളെ ഒതുക്കിപ്പറയൽ |
| 3 ലളിത വാക്യങ്ങൾ |
| 4 ഒടുക്കം |
| 5 ഒറ്റഖണ്ഡിക |

### ആസ്വാദനക്കുറിപ്പ്

കവിത കുട്ടിയുടെ മനസ്സിൽ പതിയും വിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെ വേണം ആസ്വാദനത്തിലേക്ക് കടക്കാൻ ഭാവത്തിലും ഈണത്തിലുമുള്ള ആലാപനം, വരികളുടെ മനോഹാരിത , ആശയ തലം, രചനാഭംഗി, പദങ്ങൾ പ്രയോഗങ്ങൾ തുടങ്ങിയവയുടെ ഔചിത്യവും ഭംഗിയും എന്നിവ കുട്ടി വിവിധ പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ട്. അത് ക്രോഡീകരിക്കാനുള്ള പ്രവർത്തനമാണ് മനോപടം തയ്യാറാക്കൽ.

- മനോപടത്തിൽ പറഞ്ഞ കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതി ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കാൻവേണ്ട നിർദേശം നൽകണം (വ്യക്തിഗതം)
- രണ്ടുപേരുടെ ഗ്രൂപ്പിൽവായിച്ച് മെച്ചപ്പെടുത്തണം
- രണ്ടോ മൂന്നോപേർ ക്ലാസിൽ അവതരിപ്പിക്കട്ടെ
- പ്രയാസം നേരിടുന്ന കുട്ടികളും എഴുതി എന്ന് ഉറപ്പാക്കണം
-

ആസ്വാദനക്കുറിപ്പ് കുട്ടികൾ തയ്യാറാക്കട്ടെ

- ഏതാനും പേർ അവതരിപ്പിക്കണം
- സൂചകങ്ങൾ ക്ലാസിൽ പൊതു ചർച്ചയിലൂടെ രൂപപ്പെടുത്തണം
- മെച്ചപ്പെടുത്തിയെഴുതൽ
- ടീച്ചറുടെ വിലയിരുത്തൽ. (സൂചകങ്ങളുടെ അടിസ്ഥാനത്തിൽ
- ആസ്വാദനക്കുറിപ്പ് ടീച്ചർ വേർഷൻ

അവതരണം (ആവശ്യമെങ്കിൽ

- മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതിയശേഷം എ4 പേപ്പറിൽ എഴുതി വാങ്ങി ടീച്ചറുടെ നേതൃത്വത്തിൽ എല്ലാകുട്ടികളുടെയും രചനകൾ ഉൾപ്പെടുത്തി 'ഞങ്ങളുടെ ആസ്വാദനക്കുറിപ്പ്' (മറ്റ് തലക്കെട്ടുകളും കുട്ടികൾ നിർദ്ദേശിക്കട്ടെ) പുസ്തകം തയ്യാറാക്കാവുന്നതാണ് .

**മനോപടം**

ആസ്വാദനക്കുറിപ്പ്, കഥാപാത്രനിരൂപണം, വർണ്ണന തുടങ്ങിയ സർഗാത്മക വ്യവഹാര രൂപങ്ങൾ ഏറ്റെടുക്കുന്ന കുട്ടിയെ സഹായിക്കാൻ നൽകുന്ന പ്രവർത്തനമാണ്
മനോപടം തയ്യാറാക്കൽ. കുട്ടി വായിക്കുകയും കേൾക്കുകയും
വിവിധ പ്രക്രിയഘട്ടങ്ങളിലൂടെ കടന്നു പോവുകയും ചെയ്ത
ശേഷം മേൽപ്പറഞ്ഞ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുമ്പോൾ
അതിൽ ഉൾപ്പെടുത്തേണ്ട പ്രസക്തമായ കാര്യങ്ങളെക്കുറിച്ചുള്ള
സൂചനകൾ നൽകി അതിന്റെ വിശദാംശങ്ങൾ കോളങ്ങളിൽ
കുറിക്കാൻ അവസരം നൽകുകയാണ് ഇതിലൂടെ ചെയ്യുന്നത്.

സൂചകങ്ങൾ

1 വായനയിലേക്ക് നയിക്കുന്ന ആകർഷകമായ തലക്കെട്ട്
2 പി. മധുസൂദനനെക്കുറിച്ചും ഭൂമി പാടുന്ന ശീലുകൾ എന്നകൃതിയെക്കുറിച്ചുമുള്ള സൂചനകൾ.
3 ആശയം ഉൾച്ചേർത്തിട്ടുണ്ട്.
4 സവിശേഷ പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തിയിട്ടുണ്ട്
5 ഇഷ്ടപ്പെട്ട ഭാഗം, ഇഷ്ടപ്പെടാനുള്ള കാരണം, പ്രിയപ്പെട്ട വരികൾ എന്നിവ പരാമർശിച്ചിട്ടുണ്ട്
6 തലക്കെട്ട്, തുടക്കം, ഖണ്ഡികാകരണം, ഒടുക്കം എന്നിവ പാലിച്ചിട്ടുണ്ട്.
7 ആകർഷകമായ ഭാഷ

## ചുമർ പത്രിക തയ്യാറാക്കാം

കുട്ടിയുടെ ബഹുമുഖബുദ്ധിവികാസത്തിന് ഉതകുന്ന പ്രവർത്തനമാണ് ചുമർപത്രിക നിർമ്മാണം. ആശയരൂപീകരണം, ചിത്രം വരയ്ക്കൽ, നിറംനൽകൽ, ഉചിത വിന്യാസം ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഇതിൽ വരുന്നുണ്ട്. അതുകൊണ്ടുതന്നെ കവിതയിൽ നിന്ന് മനസ്സിലാക്കിയ കാര്യങ്ങളും കൂടുതൽ ശേഖരിച്ചവയും ഒക്കെ ഉൾപ്പെടുത്തി, ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച പൂവിന്റെ വിശദാംശങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി ഓരോ ചുമർപത്രിക തയ്യാറാക്കട്ടെ. വരയ്ക്കാനും നിറം കൊടുക്കാനും കഴിവുള്ള കുട്ടികളെയും പിന്നാക്കക്കാരെയും ഇതിന്റെ ഭാഗമാക്കണം. തയ്യാറാക്കിയവ ക്ലാസ്സിൽ പ്രദർശിപ്പിക്കണം. എല്ലാവർക്കും കാണാൻ അവസരം മികവുകളും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും അവർ പരസ്പരം പങ്കുവയ്ക്കട്ടെ. ടീച്ചർ കുട്ടികളെ അഭിനന്ദിക്കാൻ മറക്കരുത്.

### മലർമാല കോർക്കാം

വായന ഒരു ശീലമാക്കി വളർത്തേണ്ടതുണ്ട്. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറിഎന്നിവയും സ്കൂളിനോ വീടിനോ സമീപത്തുള്ള വായനശാലകളും കുട്ടികൾക്ക് സന്ദർശിക്കാനും വായിക്കാനും ഉള്ള സന്ദർഭങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നാം ഒരുക്കേണ്ടതുണ്ട്. ഈ പ്രവർത്തനത്തിൽ പൂക്കളെ കുറിച്ചുള്ള കവിതകൾ (ഈ സാധ്യത പ്രയോജനപ്പെടുത്തി) കണ്ടെത്താൻ ടീച്ചർ നിർദ്ദേശിക്കണം.

- കണ്ടെത്തിയ കവിതകൾ കുട്ടി നോട്ടുബുക്കിൽ കുറിച്ചെടുക്കട്ടെ
- അത്തരം കവിതകൾ സ്വന്തമായോ ചെറു സംഘമായോ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകണം
- ദിനാചരണങ്ങൾ വായനവാര പരിപാടികൾ തുടങ്ങി കുട്ടിക്ക് അവതരിപ്പിക്കാൻ സാധ്യമായ എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തണം.

### ഒരു തൈ നടാം

പൂക്കളെക്കുറിച്ച് ലൈബ്രറിയിൽ നിന്നും ശേഖരിച്ച കവിതകളുടെ അവതരണത്തിന്റെ തുടർച്ചയായി ഒരു തൈ നടാം എന്ന കവിതയിലേക്ക് പ്രവേശിക്കാം.

- ഓഡിയോ -ടീച്ചർ/കുട്ടി - നിർദ്ദിഷ്ടഭാഗം അവതരിപ്പിക്കട്ടെ.
- കവിതയിൽ പറയുന്ന കാര്യങ്ങൾ ചർച്ച

  ചർച്ചാ ചോദ്യങ്ങൾ

  * കാവ്യഭാഗം നൽകുന്ന സന്ദേശമെന്ത്?
  * മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാം?
  * നിങ്ങൾ വൃക്ഷത്തൈകൾ നടാറുണ്ടോ?
  * അതിലൂടെ ലക്ഷ്യമാക്കുന്നതെന്ത്?
  * പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം
- ബാക്കിഭാഗം കൂടി ഓഡിയോ /വീഡിയോ ആയി കേൾപ്പിക്കാവുന്നതാണ്.

## കാട്ടിലെ മഴ

വേനൽ ചൂടിൽ കരിഞ്ഞു നിൽക്കുന്ന കാട്. മുകളിൽ തീമഴയും താഴെ ചെങ്കനലും എന്ന അവസ്ഥ പച്ചിലകളെ കരിയിലകളാക്കി മാറ്റിയിരിക്കുന്നു. എന്നാൽ വേനലിന്റെ ഉഗ്രപ്രതാപത്തിന് മുകളിൽ അതാ കുളിരിന്റെ കുത്തൊഴുക്കായി മഴ കടന്നുവരുന്നു!

"ഇടിമിന്നൽ കൺകോണും വെട്ടിച്ചുകൊണ്ടെങ്ങോ
മുടിചിക്കി നിൽക്കുകയായിരിക്കാം."

(മഴമുകിൽ പെൺകൊടി - പി ഭാസ്കരൻ)

മിന്നൽ കൺകോണുകൾ വെട്ടിച്ചുകൊണ്ട് കടന്നുവന്ന മഴ അക്ഷരാർത്ഥത്തിൽ പുതിയൊരു കാടിന് ജന്മംനൽകി! മരങ്ങളിൽ, ഇലകളിൽ, മണ്ണിൽ, പുഴയിൽ, ജീവികളിൽ എല്ലാം മാറ്റം പ്രകടമായി. മഴയും കാറ്റും നിലാവും ചേർന്ന് അവതരിപ്പിച്ച ദൃശ്യഭംഗിയുള്ള നാടകത്തിൽ കാട്ടിലെ സർവ്വചരാചരങ്ങളും അകമഴിഞ്ഞാനന്ദിച്ചു; പങ്കുകൊണ്ടു. ഈ ദൃശ്യനാടകത്തിൽ വലിപ്പച്ചെറുപ്പങ്ങളോ മറ്റു സവിശേഷതകളോ തടസ്സങ്ങൾ സൃഷ്ടിച്ചില്ല. എല്ലാം ഒത്തുചേർന്ന പ്രകൃതിയുടെ ഐക്യഗാനം മാത്രം.

ഏകമൂലശ്രുതിയിലീ നാനാജീവസ്വരങ്ങളെ -
യാകലനംചെയ്യും ധീരഗാനമെൻ ഗാനം
(ശിവതാണ്ഡവം - ജി ശങ്കരക്കുറുപ്പ് )

നാനാജീവ സ്വരങ്ങൾ ഒത്തുചേരുമ്പോൾ അനുഭവപ്പെടുന്ന ഐക്യവും പാരസ്പര്യവുമെല്ലാം
മനസ്സിൽ കുളിരു നിറയ്ക്കുന്ന ചിത്രങ്ങളിലൂടെ വർണിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. ഗദ്യഭാഷയിൽ വാർന്നുവീണ ഈ വാങ്മയ ചിത്രങ്ങളിലൂടെ കുട്ടികളുടെ മനസ്സിൽ തെളിയുന്നത് പ്രകൃതി സൗന്ദര്യത്തിന്റെ ആഴവും വ്യാപ്തിയുമാണ്. കാട്ടിലെ സുന്ദരമായ ഈ അനുഭവദൃശ്യം പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കാനും അറിയാനും വ്യത്യസ്തമായ ആവിഷ്കരിക്കാനും കുട്ടിയെ പ്രേരിപ്പിക്കും.

## കാട്ടിലെ മഴയിലേയ്ക്ക്

- "ഇത് മഴയ്ക്കായ് തൊഴുതു നടുന്നു" എന്ന വരി ചർച്ച ചെയ്യണം.
  - * എന്തുകൊണ്ടായിരിക്കാം കവയത്രി ഇങ്ങനെ പറഞ്ഞത്?
  - * മരങ്ങളും കാടും മഴയെ എങ്ങനെ സഹായിക്കുന്നു?
  - * പരസ്പരബന്ധം
- 

  മഴ കണ്ടിട്ടുണ്ടോ കൊണ്ടിട്ടുണ്ടോ?
  - * കുട്ടികളുടെ മഴയനുഭവം പറയട്ടെ.
  - * മഴനനഞ്ഞത്, മഴയത്ത് കളിച്ചത്
  - * മഴ വരുമ്പോൾ പ്രകൃതിയിലുണ്ടാകുന്ന മാറ്റം
  - * കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു
- ചില സാഹിത്യകൃതികളിലെ ഭാഗം പരിചയപ്പെടുത്താം

**മഴപെയ്യുണ പെയ്യലില് - എം ടി**

പെരുമഴ വരുന്നത് കാണാം. താഴ്വാരത്തിൽ നിന്ന് കയറി മേച്ചിൽപ്പുറത്തിന്റെ അറ്റത്ത് ഇളകുന്ന ഒരു തിരശ്ശീല പോലെ. അല്പനിമിഷങ്ങൾ. അത് നിൽക്കുന്നു. മേയുന്ന കന്നുകാലികൾ അപ്പോഴേക്കും കൂട്ടം കൂടിക്കഴിഞ്ഞിരിക്കും. അസ്വസ്ഥതയോടെ അമറുകയും മഴയെ തടുക്കാനെന്നോണം കൊമ്പ് താഴ്ത്തിപ്പിടിക്കുകയും ചെയ്യുന്നത് കണ്ടാൽ ഉറപ്പിക്കാംവരുന്നത്പേമഴയാണ്. ആകെ നനച്ചിട്ടേ കിഴക്കേചെരിവിലേക്കിറങ്ങി പാടം കടന്ന് പുഴയ്ക്ക് മുകളിലെത്തൂ.

നനയാത്ത മഴ - പ്രിയഎഎസ്

മഴ നനഞ്ഞല്ല മഴ കൊള്ളാത്തിയിടത്ത് സുരക്ഷിതമായി നിന്ന് വിരൽ ഒന്നു നീട്ടിത്തൊട്ടാണ് മഴയെ ഞാൻ അറിഞ്ഞിരിക്കുന്നത്. ഓടിട്ട വീട്ടിൽ ഇരുന്ന് കാണണം മഴ. മഴയുടെ ചറുപിറന്നനെയുള്ള സംഗീതവിരുന്ന് എനിക്ക് പ്രിയപ്പെട്ടതാണ്. ഓടി റമ്പിലൂടെയുള്ള മഴയൊഴുക്കിന്റെ നേരത്ത് മഴയുടെ വെള്ളിനൂലുകൾ വീടിനു ചുറ്റും തോരണം തൂക്കുന്നതുപോലെ തോന്നും. വീട് ഒരു കല്യാണ വീടായി ചമഞ്ഞൊരുങ്ങുന്ന അനുഭവം

| |
|---|
| പെയ്യുന്ന കാരുണ്യം - സുഗതകുമാരി<br>കാട്ടിൽ മഴ പെയ്യുന്നത് ഏതാണ്ടിതേ മട്ടിലാണ്. മരങ്ങളും വള്ളിയും ചെടിക്കൂട്ടങ്ങളുമെന്നല്ല ഓരോഇലയും മഴയെ വാരിയെടുക്കുന്നു! ആനന്ദത്തോടെ മുകരുന്നു. ആർത്തലച്ച് ആഹ്ലാദിക്കുന്നു. അദൃശ്യമായ ഒരുന്മാദഭാവത്തിൽ ഓരോ മരവും ഉലഞ്ഞാടി തിമിർക്കുന്നു. മഴയോടൊപ്പം ഇരമ്പി പാടുന്നു. മഴപെയ്തു മാറിയാലും ഏറെനേരം ആ പാട്ടും മേളവും തുടരുന്നു. പതുക്കെ പതുക്കെ അടങ്ങുന്നു. |

കാട്ടിലെ മഴയെക്കുറിച്ച് സുഗതകുമാരി പറഞ്ഞത് മനസ്സിലാക്കിയല്ലോ; മറ്റൊരു ലേഖനഭാഗം വായിക്കാം.

- പാഠഭാഗം വായന (മൗനവായന)
  * ചെറു സംഘങ്ങളായി തിരിഞ്ഞ് പാഠഭാഗം ഉറക്കെ വായിക്കട്ടെ.
  * എല്ലാ കുട്ടികൾക്കും അവസരം ലഭിക്കണം
  * വായിക്കാൻ അറിയാത്തവർക്ക് ആവശ്യമായ സഹായം നൽകണം അധ്യാപിക/ കുട്ടികൾ.
- വായനയിൽ എന്തെല്ലാം ശ്രദ്ധിക്കാം?
  * ഉച്ചാരണസ്ഫുടത
  * നിർത്തിനിർത്തി വായന
  * ആശയം മനസ്സിലാക്കിയുള്ള വായന
  *
  *

ഓരോ ഗ്രൂപ്പിലും തൽസമയ പിന്തുണ നൽകണം

- ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾവീതം ക്ലാസിൽ പൊതുവായി ഉറക്കെവായിക്കട്ടെ. ആരാണ് ഏറ്റവുംനന്നായി വായിച്ചത്? എന്തുകൊണ്ട്?
  * ഉറക്കെ വായിച്ചു
  * അക്ഷരസ്ഫുടത
  *
  *

പൊതുസൂചകങ്ങൾ രൂപീകരിക്കുന്നു

**കണ്ടെത്താം പറയാം**

മഴ കാട്ടിലുണ്ടാക്കുന്ന കാഴ്ചയുടെ ഭംഗി നന്നായി ആസ്വദിക്കാൻ കുട്ടികൾക്ക് ഈ പ്രവർത്തനത്തിലൂടെ കഴിയണമല്ലോ. അതിനായി പ്രവർത്തനത്തിൽ കൊടുത്ത വാക്യങ്ങൾ വിശകലനം ചെയ്യുകയും പ്രയോഗങ്ങളുടെ സൗന്ദര്യതലം ചർച്ചചെയ്യുകയും വേണം

പുഴയ്ക്ക് ജീവൻ വച്ച് തുടങ്ങിയിരിക്കുന്നു
മരങ്ങളിൽ നിലാവ് പെയ്തിറങ്ങിയതോടെ മഴയ്ക്ക് നിറക്കൂട്ടായി
കുറുമ്പു കാട്ടുന്ന ആനക്കൂട്ടം കണക്കെ മേഘങ്ങൾ

എന്നീ വാക്യങ്ങൾ ചാർട്ടിൽ എഴുതിയോ ഡിജിറ്റൽ സാധ്യത പ്രയോജനപ്പെടുത്തിയോ പ്രദർശിപ്പിക്കണം. തുടർന്ന്, മഴ, പുഴ, മരം, നിലാവ് എന്നിങ്ങനെ ഗ്രൂപ്പുകളായി തിരിക്കാം

- പാഠം ഗ്രൂപ്പിൽ വായിച്ച് ഈഭാഗം കണ്ടെത്തട്ടെ
- അവ പാഠസന്ദർഭത്തിന് നൽകുന്ന പ്രത്യേകതകൾ ഗ്രൂപ്പിൽ ചർച്ചചെയ്യട്ടെ
- കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തണം.
- ഉദാ: കാട്ടിൽ കന്നിമഴ യൗവനമാണ് കൊണ്ടുവരുന്നത്
- ഓരോ ഗ്രൂപ്പും അവതരിപ്പിക്കട്ടെ
- പൊതു ചർച്ച

ചർച്ചയിൽ വരേണ്ടവ

* ജീവൻ വച്ച് തുടങ്ങുക
* മഴയ്ക്ക് നിറക്കൂട്ടാവുക
* കുറുമ്പ് കാട്ടുന്ന ആനക്കൂട്ടവും മേഘവും തമ്മിലുള്ള സാദൃശ്യം
* കന്നി മഴപെയ്തപ്പോൾ കാടിനുണ്ടായ മാറ്റങ്ങൾ
* അവതരിപ്പിക്കുന്നതിൽ ഭംഗി

**മഴയഴക് (വർണ്ണന തയ്യാറാക്കാം)**

- വിവിധ എഴുത്തുകാരുടെ മഴയനുഭവങ്ങൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്
- പി.കുഞ്ഞിരാമൻ നായരുടെ 'കാലവർഷമേനന്ദി' എന്ന കവിതയിലെ ഭാഗമാണ് എണ്ണ
- കണ്ടു മാമലകൾ .............................വെട്ടേറ്റ കാടുകൾ
- വരികളുടെ സവിശേഷതകൾ ചർച്ചചെയ്യട്ടെ
- ആദ്യമായി വേനൽ മഴപെയ്തപ്പോൾ വീടിനു ചുറ്റുമുണ്ടായ മാറ്റങ്ങൾ കുട്ടി
- നോട്ടുബുക്കിൽ കുറിക്കട്ടെ
- തുടർന്ന് വർണ്ണന തയ്യാറാക്കാൻ നിർദ്ദേശിക്കാം
- വ്യക്തിഗതമായി തയ്യാറാക്കട്ടെ
- ഏതാനും കുട്ടികൾക്ക് വായിച്ച് അവതരിപ്പിക്കാൻ അവസരം
- വർണ്ണന തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ
    * ഉചിതപദങ്ങളുടെ തിരഞ്ഞെടുപ്പ്
    * കുട്ടികൾ പരിചയപ്പെട്ട 'കുറുമ്പുകാട്ടുന്ന ആനക്കൂട്ടം പോലെ മേഘങ്ങൾ'-ഇത്തരം സാദൃശ്യപ്പെടുത്തലുകൾ
    * മറ്റുള്ളവരെ സഹായിക്കാൻ/കേൾക്കാൻ പ്രേരിപ്പിക്കും വിധമുള്ള ഭാഷ.

**ഒറ്റയ്ക്കും കൂട്ടായും**

സമസ്ത പദങ്ങളെ അർത്ഥവ്യത്യാസം വരാതെ വേർതിരിച്ചു പറയാനും രണ്ടു പദങ്ങളെ ചേർത്തു പറയാനുമുള്ള കഴിവ് അഞ്ചാം ക്ലാസ് മുതൽ കുട്ടി നേടേണ്ടതുണ്ട്. അത് വാക്യസന്ദർഭത്തിൽ നൽകി പരിശീലിപ്പിക്കുകയാണെങ്കിൽ എളുപ്പത്തിൽ കുട്ടികൾക്ക് സ്വായത്തമാക്കാൻ സാധിക്കും. അതിന് സഹായിക്കുന്ന ഒരു പ്രവർത്തനമാണിത്.

ഒളിച്ചിരിക്കാൻ ഒരിടം = ഒളിയിടം

കൂടുതൽ വാക്യ സന്ദർഭങ്ങൾ കണ്ടെത്തി ക്ലാസിൽ ചർച്ച നടത്തണം. പദങ്ങളെ ചേർത്തു പറയുന്നത് കൊണ്ടുള്ള ഗുണംകൂടി ചർച്ച ചെയ്യുമല്ലോ.


* വായനാ സുഖം
* സമയലാഭം
* വാക്യ ദൈർഘ്യം കുറയ്ക്കാം

കൂടുതൽ ഉദാഃ കാട്ടിൽ മഴയുടെ ഇരമ്പൽ കേട്ടപ്പോൾ കരിയിലകളുടെ കലപിലയാണെന്ന് കരുതി.

**മിണ്ടിയും പറഞ്ഞും**

ചെറിയ ക്ലാസുകളിൽ സംഭാഷണം തയ്യാറാക്കുക എന്ന പ്രവർത്തനം കുട്ടികൾ ചെയ്തിട്ടുണ്ട്. അഞ്ചാം ക്ലാസിലെ കാട്ടിലെ മഴ എന്ന പാഠം പഠിച്ച കുട്ടിയിൽനിന്ന് അതിന്റെ ഒരു ഉയർന്നതലം നാം പ്രതീക്ഷിക്കണം. അതിന് എങ്ങനെയെല്ലാം കുട്ടികളെ സഹായിക്കാനാവും.

- എന്തെല്ലാം സൂചനകൾ നൽകാം?




* വേനലിലെ സഹിക്കാനാവാത്ത ചൂട്
* ദാഹനനീര് ലഭിക്കാത്ത അവസ്ഥ
* കുഞ്ഞുചെടികളുടെ കഷ്ടത
* ശരീരമാകെ ചുട്ടുപൊള്ളുന്ന നീറ്റൽ
* മഴവന്നപ്പോഴുള്ള ആശ്വാസം
* കാട് മുഴുവൻ പച്ചപ്പായി
* കാടിന്റെ സന്തോഷം
* കാടിന്റെ അവസ്ഥയിൽ ദുഃഖിക്കുന്ന മനസ്സ്
* സഹായിക്കാനായി ഓടിവന്നത്
* തുള്ളികളാകുന്ന കരങ്ങൾ കൊണ്ട് സാന്ത്വനിപ്പിച്ചത്
* കാടിന്റെ പച്ചപ്പിൽ സന്തോഷിക്കുന്നത്
* വിവിധ നിറങ്ങളുള്ള പൂക്കൾ വന്ന നിറയുന്നത്
* കിളികൾ സന്തോഷിക്കുന്നത്

- എങ്ങനെ പറയും
    * ആകർഷകമാകണം. (ഉചിതപദങ്ങൾ പ്രയോഗങ്ങൾ ലഘുവാക്യങ്ങൾ)
    * ആശയം ഉൾക്കൊണ്ട് പറയണം
    * ഒഴുക്ക്
    *
- സംഭാഷണം തയ്യാരാക്കൽ
- രണ്ടുപേർ ചേർന്ന് അവതരിപ്പിക്കൽ

തുടർന്ന് ഡെയ്സ് ചെടി എന്ന കഥയിലേക്ക് പ്രവേശിക്കാം

## ഡെയ്സിച്ചെടി

പരസ്പര സ്നേഹം പകർന്നു നൽകുന്ന അംഗീകാരം പ്രകൃതി സൗന്ദര്യത്തിന്റെ ആഴവും പരപ്പും വർദ്ധിപ്പിക്കുന്നു. ഡെയ്സിച്ചെടിയും വാനമ്പാടിയും തമ്മിലുള്ള ബന്ധത്തിലൂടെ ഇക്കാര്യം കഥാകൃത്ത് ഭംഗിയായി ചിത്രീകരിക്കുന്നു. സൂര്യൻ പ്രകാശം ചൊരിഞ്ഞും കാറ്റ് ഉമ്മ നൽകിയും ഡെയ്സിപ്പൂവിനെ താലോലിക്കുന്നു; വളർത്തുന്നു.

ആലോലവായു ചെറുതോട്ടിലുമാട്ടി താരാ-
ട്ടാലാപമാർന്നു മലരേ ദലമർമ്മരങ്ങൾ
പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

(വീണപൂവ് - കുമാരനാശാൻ)

നിലാവും ഇളം വെയിലും മൊട്ടുകളും വായുവും എല്ലാം ചേർന്ന പ്രകൃതി പൂവിന്റെ വളർച്ചയിൽ സഹായിക്കുന്നു. പൂവും പ്രകൃതിയും ഒപ്പം വളരുന്നുവെന്ന് കുമാരനാശാൻ സൂചിപ്പിക്കുന്നു.

നിറവും വലിപ്പവുമുള്ള ചെടികൾ മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാൻ വേണ്ടി മത്സരിച്ചു കൊണ്ടിരിക്കുമ്പോൾ ആരുടെയും ശ്രദ്ധയിൽ വരാത്ത ഡെയ്സിച്ചെടി വേലിയരികിൽ ഒതുങ്ങി നിൽക്കുന്നു. ലോകം ശ്രദ്ധിക്കാതെ പോകുന്നവയെയാണ് കലയും സാഹിത്യവും ശ്രദ്ധിക്കുന്നത്. വീണുകിടക്കുന്ന പൂവിനെ ആരും സാധാരണഗതിയിൽ ശ്രദ്ധിക്കാറില്ല; തിരിഞ്ഞു നോക്കാറില്ല. അതിനെ ശ്രദ്ധിക്കാതെ അതിന് മുകളിലൂടെ നടന്നു പോകും. എന്നാൽ കവി വീണുകിടക്കുന്ന പൂവിൽ മനുഷ്യജീവിതം വായിച്ചു. ആവിഷ്കരിച്ചു. ഇതുപോലെയാണ് ഡെയ്സിച്ചെടിയെയും ഈ കഥയിൽ ചിത്രീകരിക്കുന്നത്. അങ്ങനെ പൊതുസമൂഹം കാണാത്തവയും അവഗണിക്കുന്നവയും കവിതയിലും കഥയിലും ഇടം പിടിക്കുന്നു.

സ്വർണ്ണഹൃദയവും വെള്ളിയുടുപ്പുമുള്ള പൂവിനെ ഉമ്മ വച്ചുകൊണ്ടാണ് വാനമ്പാടി നീലാകാശത്തിൽ പറന്നുയർന്ന പാട്ടുപാടുന്നത്. സൗന്ദര്യത്തെ ഉമ്മവച്ചുകൊണ്ടാണ് പക്ഷി സ്വാതന്ത്ര്യത്തെ ആഘോഷിക്കുന്നത്. സൗന്ദര്യവും സ്വാതന്ത്ര്യവും തമ്മിലുള്ള പരസ്പരബന്ധം ഇവിടെ പ്രകടമാകുന്നു. ഇടുങ്ങിയ കൂട്ടിൽ തടവുകാരനായ പക്ഷി, സ്വതന്ത്രവും ആഹ്ലാദകരവുമായ സഞ്ചാരത്തെക്കുറിച്ചും പച്ച വയലിലെ ധാന്യമണികളെക്കുറിച്ചും ഓർത്താണ് കരയുന്നത്. പക്ഷിക്ക് ആഹ്ലാദം നൽകിയത് സൗന്ദര്യമാണ്. ചലിക്കാൻ ഇടം നൽകിയത് സ്വാതന്ത്ര്യമായിരുന്നു. ഇവ രണ്ടിന്റെ നഷ്ടമാണ് വാനമ്പാടിക്ക് കൂടായിത്തീർന്നത്.

"വിട്ടയക്കുക കൂട്ടിൽ നിന്നെന്നെ ഞാ-
നൊട്ടു വാനിൽ പറന്നു നടക്കട്ടെ
പഞ്ജരത്തിന്റെ ചുറ്റഴിയോരോന്നു -
മെന്നെ നോക്കി ചിരിപ്പതായ് തോന്നുന്നു
മർത്യർതൻ പരിലാളനമൊന്നുന്നുമെ-
ന്നുൾത്തടത്തിനു ശാന്തിയെ നൽകിടാ"

എന്ന് ബാലാമണിയമ്മ ചിത്രീകരിക്കുന്നതും ഈ അവസ്ഥയെ തന്നെയാണ്. പണവും അധികാരവും പോലെ മനുഷ്യർ വച്ച് നീട്ടുന്ന പ്രലോഭനങ്ങളല്ല, പ്രകൃതിയുടെ അനന്തവിസ്തൃതിയും പുറം കാഴ്ചകൾക്കപ്പുറമുള്ള അകക്കാഴ്ചകളുമാണ് (സൗന്ദര്യമാണ്) തനിക്കിഷ്ടമെന്ന് ബാലാമണിയമ്മ പ്രഖ്യാപിക്കുന്നു.

നഷ്ടപ്പെട്ടതിന്റെ വില നഷ്ടപ്പെടുമ്പോൾ മാത്രം തിരിച്ചറിയുന്ന ലോകത്തെക്കുറിച്ചും ഈ കഥ പറയുന്നു. പ്രകൃതിയിലെ ജീവജാലങ്ങൾ ഇല്ലാതായതിനുശേഷം വിലപിച്ചതുകൊണ്ട് വലിയ കാര്യമില്ല. നഷ്ടമാകാതിരിക്കാനുള്ള മുൻകരുതലുകളും പ്രവർത്തനങ്ങളുമാണ് പ്രധാനം എന്ന് ഈ കഥ ഓർമിപ്പിക്കുന്നു. പരസ്പരം തിരിച്ചറിഞ്ഞും അംഗീകരിച്ചും സഹായിച്ചുമാകണം നിലനിൽക്കേണ്ടത്. മത്സരത്തിനും ആർത്തിക്കും ഇവിടെ സ്ഥാനമില്ല.

"തമ്മിൽ കലർന്നാൽ ഗുണമേറും പൂക്കളെ
സമ്മേളിപ്പിപ്പിൻ സരസമായി
സമ്മർദ്ദമാർന്നു നശിക്കാതെ രക്ഷിപ്പിൻ
ദുർമത്സരം ദ്വേഷമാദിയായ
മർമ്മം കരളും ഹൃദയ കീടങ്ങളെ
നിർമൂലനം ചെയ്‌വാൻ നിഷ്കർഷിപ്പിൻ " (ദുരവസ്ഥ - കുമാരനാശാൻ)

## കഥാവായന

അഞ്ചാം ക്ലാസിലെ കുട്ടി ആദ്യമായി പരിചയപ്പെടുന്ന കഥയാണിത്. അതുകൊണ്ടുതന്നെ കഥ വായിച്ച് ആസ്വദിക്കാനും സ്വയം വായിച്ച് അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ ഉണ്ടാവണം. ഭാവാത്മക വായന പോലെ പ്രാധാന്യമുള്ളതാണ് കാവ്യാത്മക വായനയും. ഒരു കവിത പോലെ സുന്ദരമായ ഈ കഥ ഹൃദയത്തിൽ പതിയുംവിധം വായിക്കാനും കേൾക്കാനുമുള്ള അവസരങ്ങൾ ഒരുക്കുമല്ലോ.

- മൗനമായന
- ഉറക്കെ വായിക്കാൻ അവസരം
- സ്കൂളിലെ മികച്ച കഥാവായനക്കാരെ പ്രയോജനപ്പെടുത്തൽ
- ഓഡിയോ അവതരണം
- ടീച്ചറുടെ അവതരണം
- വായനാദിനത്തിൽ അവതരിപ്പിക്കൽ

## കഥ സംഗ്രഹിച്ചു പറയാം

ആശയഗ്രഹണത്തിന് സഹായിക്കുന്ന ഒരു പ്രവർത്തനമാണിത്. ചുരുക്കിപ്പറയാനും ആശയങ്ങൾ ക്രമപ്പെടുത്തി ഓർമ്മിച്ച് പറയാനും കുട്ടിക്ക് ഈ പ്രവർത്തനത്തിലൂടെ സാധിക്കും. മുൻകൂട്ടി നിർദ്ദേശം നൽകണം.

- കഥ ഒന്നോ രണ്ടോ തവണ മൗനമായി വായിക്കട്ടെ (TB)
- പല ഭാഗങ്ങളായി കുട്ടികൾ വായിച്ചവതരിപ്പിക്കട്ടെ
- കുട്ടികൾ ക്ലാസിൽ വൃത്താകൃതിയിൽ നിൽക്കട്ടെ
- ഒരു കുട്ടി ഒരു വാക്യം എന്ന രീതിയിൽ കഥ ഓർമിച്ചു പറയട്ടെ
- ഒന്ന് രണ്ട് തവണ ഇതാവർത്തിക്കാവുന്നതാണ്
- പിന്നീട് കഥ മുഴുവനായും സംഗ്രഹിച്ച് പറയാൻ അവസരം നൽകണം.
- ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ ചർച്ച ചെയ്യണം
    * കഥ മനസ്സിലാക്കി (ആശയഗ്രഹണം)
    * ചുരുക്കിപ്പറയാൻ കഴിഞ്ഞു (ഒതുക്കി പറയൽ)
    * ആദ്യംവേണ്ടവ ആദ്യവും പിന്നീട് വേണ്ട പിന്നീടും പറഞ്ഞു (ക്രമപ്പെടുത്തൽ)
    * ഓർമ്മിച്ചു വയ്ക്കാൻ കഴിഞ്ഞു (ഓർത്തു പറയൽ)
    * ചെറിയ ചെറിയ വാക്യങ്ങളിലൂടെ അവതരിപ്പിക്കാൻ കഴിഞ്ഞു.
      (ലഘുവാക്യങ്ങളിലൂടെയുള്ള ആശയരൂപീകരണം)

പ്രകൃതിപാഠങ്ങൾ (ഉപന്യാസം)

പ്രവർത്തനം - വായന

വിഷയം - പൊതുചർച്ച
ചർച്ചയിൽ വരേണ്ടവ

പാഠഭാഗം വായന (വ്യക്തിഗതം)

ഓരോ പാഠഭാഗത്തിൽ നിന്നും പ്രസക്തമായ
ആശയങ്ങൾ നോട്ടുബുക്കിൽ കുറിക്കൽ


പ്രധാന ആശയങ്ങൾ ഉൾക്കൊള്ളിച്ച്
ആശയപടം തയ്യാറാക്കൽ
പ്രകൃതി
പാഠങ്ങൾ
സ്നേഹം സൗന്ദര്യം
കരുത്തും ഊർജ്ജവും
പരസ്പര സ്നേഹം
ഉണർവ് പരസ്പരാശ്രയത്വം
ചെറുതിനെ
സംരക്ഷിക്കണം
ഒന്നിനെയും വിലകുറച്ച്
കാണരുത് സ്വാതന്ത്ര്യം ഇല്ലാതാക്കരുത്
ഒന്നിനെയും നശിപ്പിക്കരുത്
പ്രകൃതി
പാഠങ്ങൾ


## പ്രകൃതിപാഠങ്ങൾ (ഉപന്യാസം)

- പ്രവർത്തനം - വായന
- വിഷയം - പൊതുചർച്ച
  ചർച്ചയിൽ വരേണ്ടവ




- പാഠഭാഗം വായന (വ്യക്തിഗതം)
- ഓരോ പാഠഭാഗത്തിൽ നിന്നും പ്രസക്തമായ ആശയങ്ങൾ നോട്ടുബുക്കിൽ കുറിക്കൽ
- പ്രധാന ആശയങ്ങൾ ഉൾക്കൊള്ളിച്ച് ആശയപടം തയ്യാറാക്കൽ





ശ്രദ്ധിക്കേണ്ടത്

ചില ചോദ്യങ്ങളിലൂടെ ആശയങ്ങൾ കണ്ടെത്താൻ സഹായിക്കണം. പിന്നാക്കക്കാരന് തൽസമയ പിന്തുണ നൽകണം. ഒരുപാട് ആശയങ്ങൾ കണ്ടെത്താൻ നിർബന്ധിക്കേണ്ടതില്ല. അഞ്ചാം ക്ലാസുകാരന്റെ നിലവാരത്തിലുള്ള, രണ്ടോ മൂന്നോ ഖണ്ഡികയുള്ള, ചെറിയ ഉപന്യാസത്തിലേക്കാണ് നയിക്കേണ്ടത്.

- രണ്ടോ മൂന്നോ പേർക്ക് അവതരിപ്പിക്കാൻ അവസരം നൽകണം
- ആവശ്യമായ മെച്ചപ്പെടുത്തൽ
- ഉപന്യാസത്തിൽ എന്തെല്ലാം

ചർച്ചയിൽ എന്തെല്ലാം

* പ്രകൃതിപാഠം എന്ന വിഷയത്തിലേക്ക് നയിക്കുന്ന തലക്കെട്ട്

* പൂക്കൾ,പുഴ, മഴ, കിളി, ചെടി, ഇവയൊക്കെ ഉൾക്കൊള്ളുന്ന പ്രകൃതിയെക്കുറിച്ച് ഒരു ആമുഖം (ഒരു ഖണ്ഡിക)

* മൂന്നു പാഠങ്ങളിലെയും പ്രധാന ആശയങ്ങൾ ചേരുന്ന ഒരു ഖണ്ഡിക

* സുന്ദരമായ പ്രകൃതിയെ സംരക്ഷിക്കേണ്ടത്അത്യാവശ്യമാണ് എന്നും ഭൂമിയില്ലാതെ മനുഷ്യന് ജീവിതം സാധ്യമല്ല എന്നും പരസ്പര സ്നേഹമാണ് പ്രകൃതി നമ്മെ പഠിപ്പിക്കുന്നത് എന്നും പറഞ്ഞ് അവസാനിപ്പിക്കുന്ന അവസാനത്തെ ഖണ്ഡിക

* ചെറിയ ചെറിയ വാക്യങ്ങളിലായി എഴുതണം. ഉചിതപദങ്ങൾ ഉദ്ധരണികൾ എന്നിവ ചേർക്കാം.

- വ്യക്തിഗത രചന
- ഗ്രൂപ്പിൽ വായിച്ചവതരണം
- മികച്ചത് കണ്ടെത്തൽ
- അടിസ്ഥാന ഗ്രൂപ്പിൽ നിന്നും കണ്ടെത്തിയ ഓരോന്ന് വിധം വായിച്ചവതരിപ്പിക്കണം
- മികവുകളും കൂട്ടിച്ചേർക്കേണ്ടയും ചർച്ച ചെയ്യണം
- ടീച്ചർ വേർഷൻ അവതരിപ്പിക്കണം
- മെച്ചപ്പെടുത്തി എ ഫോർഷീറ്റിൽ എഴുതണം.
- ഫോർട്ട്ഫോളിയോയിലേയ്ക്ക്
- മുകളിൽ കൊടുത്ത ചർച്ച സൂചകങ്ങളുടെ സഹായത്തോടെ അധ്യാപിക സ്വയം വികസിപ്പിച്ച സൂചകങ്ങളുടെ സഹായത്തോടെ വിലയിരുത്തണം.

എന്താണ് പോർട്ട്ഫോളിയോ

| ആശയം/ധാരണ | ശേഷികൾ/ നൈപുണികൾ | മൂല്യങ്ങൾ/ മനോഭാവങ്ങൾ | വ്യവഹാര രൂപങ്ങൾ | പ്രവർത്തന- പ്രക്രിയ വിശദാംശങ്ങൾ | പഠനോപകരണങ്ങൾ | വിലയിരുത്തൽ പോർട്ട് ഫോളിയോ വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| പ്രകൃതി സൗന്ദര്യം പ്രതിഫലിക്കുന്ന വിവിധ സാഹിത്യകൃതികൾ ഭാഷയിലുണ്ട് | താളവും ഈണവും ഭാവവും ഉൾക്കൊണ്ട് കവിത ചൊല്ലി അവതരിപ്പിക്കുക | പ്രകൃതി സൗന്ദര്യം തിരിച്ചറിയാനും ആസ്വദിക്കാനും പരിരക്ഷിക്കാനും ഉള്ള മനോഭാവം | ആസ്വാദനക്കുറിപ്പ്<br>ചുമർപത്രിക<br>വർണ്ണന<br>സംഭാഷണം<br>ലഘു ഉപന്യാസം | ആസ്വാദനക്കുറിപ്പ്<br>*മനോപടം തയ്യാറാക്കൽ<br>*രണ്ടുപേരുടെ ഗ്രൂപ്പിൽ അവതരണം<br>*പൊതു അവതരണം | മനോപടം എഴുതിയ ചാർട്ട് (കുട്ടികൾ അവതരിപ്പിക്കുന്നത് ക്രോഡീകരിക്കൽ) | പരസ്പര വിലയിരുത്തൽ<br>ടീച്ചറുടെ വിലയിരുത്തൽ |
| അനുഭവ നിരീക്ഷണങ്ങളിലൂടെ പ്രകൃതി സൗന്ദര്യത്തെ ആവിഷ്കരിക്കുന്നു | പ്രകൃതിയെ കുറിച്ചുള്ള കവിതകളുടെ ആസ്വാദനം വാചകമായും ലിഖിതമായും അവതരിപ്പിക്കുക | മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം ദൃഢമാക്കുക | | *ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ (വ്യക്തിഗതം)<br>*സൂചകങ്ങൾ രൂപീകരിക്കൽ<br>*വിലയിരുത്തൽ | ചില പൂക്കളുടെ ചിത്രങ്ങളും വിശദാംശങ്ങളും ഉള്ള ഏതാനും A4 ഷീറ്റുകൾ | സൂചകങ്ങളുടെ സഹായത്തോടെ ടീച്ചറുടെ വിലയിരുത്തൽ |
| വിവിധ സാഹിത്യ രൂപങ്ങളുടെ ഘടനയും ഉള്ളടക്കവും മനസ്സിലാക്കുന്നു | മനസ്സിൽ തട്ടുന്ന കാഴ്ചകളെ വാക്കുകളിലൂടെ ചിത്രങ്ങളായി ആവിഷ്കരിക്കുക | | | ചുമർ പത്രിക<br>*പൂവിന്റെ ചിത്രങ്ങളും വിശദാംശങ്ങളും കണ്ടെത്തൽ<br>*ചുമർ പത്രിക നിർമ്മാണം | ടീച്ചർ വേർഷൻ<br>ചർച്ചാ സൂചകങ്ങൾ | അവതരണം വിലയിരുത്തൽ<br>പരസ്പര വിലയിരുത്തൽ |
| പ്രകൃതി സൗന്ദര്യവും പരസ്പരബന്ധവും തിരിച്ചറിയുന്നു | | | | *മികവുകളും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും പങ്കുവെക്കൽ | ആശയപടം<br>ടീച്ചർ വേർഷൻ | ടീച്ചറുടെ വിലയിരുത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| പാഠഭാഗത്തിലെ ഭാഷാ വസ്തുതകൾ തിരിച്ചറിയുക | പൂക്കളെക്കുറിച്ചും പ്രകൃതിയെ കുറിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുക<br><br>വർണ്ണനകളും വാങ്മയ ചിത്രങ്ങളും തയ്യാറാക്കുക | | | വർണ്ണന<br>*ചർച്ച<br>വർണ്ണന തയ്യാറാക്കൽ (വ്യക്തിഗതം)<br>*സൂചകങ്ങളുടെ സഹായത്തോടെ മെച്ചപ്പെടുത്തൽ<br>*ടീച്ചർ വേർഷൻ അവതരണം<br>മെച്ചപ്പെടുത്തി എഴുതൽ<br>സംഭാഷണം തയ്യാറാക്കൽ<br>*പാഠഭാഗം വായന<br>*പൊതു ചർച്ച<br>*സംഭാഷണം തയ്യാറാക്കൽ<br>*രണ്ടുപേർ ചേർന്ന് അവതരിപ്പിക്കൽ<br>ലഘു ഉപന്യാസം<br>*പ്രവർത്തനം - വായന - വിഷയം<br>*പൊതു ചർച്ച<br>*ചർച്ചയിലെ പ്രധാന ആശയങ്ങൾ കുറിക്കൽ (BB) | | പരസ്പര വിലയിരുത്തൽ<br><br>ടീച്ചറുടെ വിലയിരുത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | *പാഠങ്ങളുടെ<br>വായന<br>(വ്യക്തിഗതം)<br>*ആശയപടം<br>തയ്യാറാക്കൽ<br>രണ്ടോ മൂന്നോ<br>പേരുടെ<br>അവതരണം<br>ഉപന്യാസരചന<br>അവതരണം<br>ടീച്ചർ വേർഷൻ<br>അവതരണം<br>മെച്ചപ്പെടുത്തൽ<br>വിലയിരുത്തൽ | | |

## തിരുനല്ലൂർ കരുണാകരൻ

1924 ഒക്ടോബർ ഒക്ടോബർ എട്ടിന് കൊല്ലം ജില്ലയിലെ പെരിനാട് എന്ന സ്ഥലത്താണ് കവി ജനിച്ചത്. അധ്യാപകൻ, ഗാനരചയിതാവ്, പത്രാധിപർ എന്നീ നിലകളിലും പ്രശസ്തനാണ്.

"ഏകതന്ത്രിയാം തന്റെ വീണയിലാത്മാഗാധ-
ശോകമൂകതയ്ക്കേകി മധുരോദാരസ്വരം."
(തിരുനല്ലൂർ)

ശോകമടക്കമുള്ള മനുഷ്യഭാവങ്ങളെ കലയുടെ ഏകാന്തതയിൽ മീട്ടിക്കൊണ്ട് മധുരോദാരസ്വരം കേൾപ്പിച്ച കവിയാണ് തിരുനല്ലൂർ. വിശാലമായ പ്രപഞ്ചവീക്ഷണവും മാനവികതയും അദ്ദേഹത്തിന്റെ കവിതകൾക്ക് കരുത്ത് നൽകുന്നു പ്രേമത്തിന്റെ മധുരവും വിയർപ്പിന്റെ ഉപ്പും കണ്ണീരിന്റെ നനവും പോരാട്ടത്തിന്റെ കനലും ഈ കവിതകളിലുണ്ട്.

"വേല ചെയ്തു തളർന്നിതു ഞങ്ങൾ
വേഗമേകുവിനപ്പവും വീഞ്ഞും
നേരമില്ലിനി കാത്തുനിന്നീടാൻ
പാറ പൊട്ടിച്ച കൈകളാണോർക്കിൻ"

മനുഷ്യാധ്വാനവും കലയും ഭാഷയും തമ്മിലെ ബന്ധം കവി ഭംഗിയായി ചിത്രീകരിക്കുന്നത് നോക്കാം.

"പൊരിവെയിലിൽത്തളരാതെ ചുറുചുറുക്കോടവർ
വരിയായ് നിന്നങ്ങനെ കളയെടുക്കെ
മലനാടൻ കിളിയുടെ രമണീയ കണ്ഠത്തിൻ
കളഗാനമവിടെങ്ങും തേൻ തളിച്ചും
വ്യഥയും വിഷാദവുമാഹ്ലാദവായ്പുമാ
മധുരമാം ഗാനത്തിലൊഴുകിവന്നു
പഴയ പാട്ടായിരുന്നെങ്കിലുമതിലൊരു
പുതിയ തന്റേടം പുലർന്നിരുന്നു"

മനുഷ്യന്റെ വേദനകളും ദുഃഖങ്ങളും തിരുനല്ലൂരിന്റെ കവിതകളിൽ ആവിഷ്കരിച്ചിട്ടുണ്ട്.

"ദുഃഖത്തിനുണ്ടോ ദുഃഖം! ഈ മഹാദുഃഖത്തിന്റെ
ചക്രവാളമാണല്ലോ നിത്യത, നിഷ്പന്ദത!"

ശാസ്ത്രബോധവും ശുഭാപ്തി വിശ്വാസവും തിരുനെല്ലൂർ കവിതകളുടെ പ്രധാന ഭാഗമാണ്.

"ഇരുളിനു കഴിയുകി -
ല്ലൊരിക്കലും, മുഷസ്സിന്റെ
കിരണ കന്ദളങ്ങളെത്തുറുങ്കിലാക്കാൻ."

ഈ ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ടു പോകുമ്പോൾ മനുഷ്യന് അസാധ്യമായ കാര്യങ്ങളെ കയ്യെത്തിപ്പിടിക്കാനാകും.

"ധീരനാം മനുഷ്യന്റെ സർഗ്ഗശക്തികളൊന്നായ് -
ച്ചേരുകില്ലിവിടെന്തു നേടുവാനാകാതുള്ളൂ!

2006 ജൂലൈ അഞ്ചിനാണ് തിരുനെല്ലൂർ കരുണാകരൻ അന്തരിച്ചത്.

കൃതികൾ

സൗന്ദര്യത്തിന്റെ പടയാളികൾ, പ്രേമം മധുരമാണ്; ധീരവുമാണ്, റാണി, മേഘസന്ദേശം, ഉമർഖയാമിന്റെ ഗാഥകൾ, ജിപ്സികൾ (വിവർത്തനം), മലയാള ഭാഷാപരിണാമം സിദ്ധാന്തങ്ങളും വസ്തുതകളും (പഠനം)

പുരസ്കാരങ്ങൾ

1985 ആശാൻ പുരസ്കാരം
1988 വയലാർ അവാർഡ്
മൂലൂർ അവാർഡ്,
കേരള സാഹിത്യ അക്കാദമി അവാർഡ് (സമഗ്ര സംഭാവന).
ശക്തി അവാർഡ്.

# അനുബന്ധം

തോട്ടത്താൽപ്പൂജിതനാകിയ ഞാനെന്റെ
വീട്ടിൻപടിക്കൽ ചെന്നപ്പോഴേക്കും
'അച്ഛാ പൂ പൂ'വെന്നു പൂവിളം ചുണ്ടിനാ-
ലുച്ചരിച്ചോടി വന്നാളെൻ പൈതൽ
മാൺപേറുമേതോ പണിത്തരമാകുമാ-
മാണിക്യക്കുഞ്ഞയളുക്കുകളെ
ഒന്നൊന്നായ് വച്ചുകൊടുത്തേൻ കുനിഞ്ഞു നി-
ന്ന,ന്നറും പിഞ്ചുകുടന്നയിൽ ഞാൻ.
പൂവൽക്കരത്തിൽ പകർന്നതോടൊപ്പമ-
പ്പൂവുകൾ പൂവുകളായീ പേർത്തും!
പ്പൂവോ നീ ബാല്യമോ? ബാല്യമോ പൂവേ നീ?
കേവലമൊന്നിൻ പേരാകാം രണ്ടും!
കൊച്ചിന്റെയൗദാര്യം ചോദിച്ചൂ സാഹ്ളാദ-
മച്ഛനുവേണ്ടയോ പൂവിതൊന്നും?"
"അച്ഛന്നിങ്ങിപ്പനിനീർ പൂവേ പോരു"മെ-
ന്നച്ചെങ്കവിളിൽ മുകർന്നേനിവൻ !

(പനിനീർപൂവും പൈതലും - വള്ളത്തോൾ)

നമ്മുടേതല്ലാത്ത
കുന്നിനെ ചോലയെ
നമ്മുടേതല്ലാത്ത
കാറ്റിനെ പൂക്കളെ
നമ്മുടേതല്ലാത്ത
മാടിനെ പക്ഷിയെ
നമ്മൾ പരസ്പരം
വിൽക്കുവതെങ്ങനെ?

(വിഷ്ണുനാരായണൻ നമ്പൂതിരി)

പാരിടമൊറ്റക്കുടുംബമെന്ന
ഭാവന ഓണനിലാവ് തൂകും

(ഘോഷയാത്ര - പി )

“ഉണ്ണി, ദേ നോക്കൂ”, വിരൽ
ചൂണ്ടുമെൻ മുത്തശ്ശി; നൽ-
ക്കുഞ്ഞിക്കൺ തുറക്കുന്നൊ
രെൻ മലർച്ചങ്ങാതികൾ!
ആതിര നിലാവുപോൽ
വെണ്മയുറ്റവർ, തിരു -
വാതിരത്താരംപോലെ
തീപ്പൊരി നിറമുള്ളോർ,
ഇളവെയിലൊളിപോലെ
തൂമഞ്ഞത്തുകിലുള്ളോർ,
കുളുർസന്ധ്യപോൽ നറും-
കുങ്കുമക്കുറിയുള്ളോർ.
കാറോളിവാനംപോലെ
കരിനീലിമയാർന്നോർ
നൂറു പൂവുകളൊന്നി
ച്ചുണർന്നു ചിരിക്കുന്നു!
ഇന്നലെ, ക്കാണെക്കാണെ
മാഞ്ഞൊരാ മഴവില്ലിൻ
മഞ്ജിമയലിഞ്ഞലി-
ഞ്ഞിറ്റു വീണുവോ മണ്ണിൽ?
..............................................
മുറ്റത്തെപ്പുഷ്പങ്ങളേ,
നിങ്ങളെൻ ചങ്ങാതികൾ;
ഒറ്റനോക്കിലേ നമ്മ-
ളന്യോന്യമറിഞ്ഞല്ലോ!
മുറ്റിനിൽക്കുന്നൂ കണ്ണിൽ
മൂകമാമൊരു ഭാഷ!
ഉറ്റുനോക്കുന്നൂ നിങ്ങൾ
പിന്നെയുമെന്നെത്തന്നെ!
..............................................
സല്ലപിച്ചിരുന്നിടാ-
മന്യോന്യം, ഹൃദയത്തിൻ-
സംഗീതം ശ്രവിക്കുവാൻ
നിങ്ങൾക്കും രസമല്ലേ ?

(നാലുമണിപ്പൂക്കൾ - ഒ.എൻ.വി)

കുഞ്ഞിപ്പൂവ്

------

ഒരു കുഞ്ഞുപൂവ് വിരിയുന്നതിന്റെ
ബഹളം കേട്ടിട്ടുണ്ടോ?
അപ്പോൾ പ്രകാശം
കൂടുതൽ തെളിച്ചമുള്ളതാകും,
രശ്മികൾ പരസ്പരം
ഒന്നുകൂടെ ചേർന്നു നിൽക്കും.
കുഞ്ഞുപൂവിന് കാണാൻമാത്രം പാകത്തിന്
നിലാവങ്ങനെ നിൽക്കും.
പക്ഷികൾ കൊക്കുരുമ്മി
ചാഞ്ഞും ചെരിഞ്ഞും നോക്കും.
അപ്പുറത്തെ തൊടിയിലെ കുഞ്ഞിലകൾ
കുഞ്ഞിപ്പൂവിനെ ഏന്തിയേന്തി
നോക്കിനിൽക്കും.
തൊടിയിൽ കാക്കയെ തേടുന്ന കുഞ്ഞുവാവ
വെറുതെ കൈകൊട്ടിച്ചിരിക്കും.
പടുമരങ്ങളിലെ
ഏറ്റവും മൃദുലമായ ഇലകൾ
ഭൂമിയിലും ആകാശത്തിലുമല്ലാതെ
പാറിവീഴാനോങ്ങും.
ആരെയോ കാത്തുകാത്ത് പച്ചപ്പങ്ങനെ
ക്ഷമയുടെ അങ്ങേത്തലപ്പിലെത്തിയിട്ടുണ്ടാകും.
അപ്പോൾ....
ഒരു കുഞ്ഞുപൂവിങ്ങനെ വിടർന്ന്... വിടർന്ന്...
ഞാനെത്തിയേ... എന്ന്
എല്ലാവരെയും നോക്കി
കണ്ണിറുക്കിക്കാണിക്കും!

- അനുപ്രിയ (2019)

വയലാർ - ദക്ഷിണാമൂർത്തി
പി. സുശീല
.......
പൂക്കളെനിക്കിഷ്ടമാണു പൂക്കള് - ഞാന്
പൂത്തമരക്കൊമ്പിലൊരു കൂടുകൂട്ടും
കൂട്ടിനകം പ്രേമംകൊണ്ടലങ്കരിക്കും - ഞങ്ങള്
കൂട്ടുകാരായെന്നുമെന്നും താമസിക്കും
പൂക്കളെനിക്കിഷ്ടമാണു പൂക്കള് - ഞാന്
പൂത്തമരക്കൊമ്പിലൊരു കൂടുകൂട്ടും
ഞാറ്റുവേലപ്പെണ്ണുവന്നു മുറ്റമടിക്കും- ഇളം
കാറ്റുവന്നു കൈതപ്പൂ മണംതളിക്കും
കൂട്ടിലിരുന്നൊരുനാള് കടിഞ്ഞൂല് കുയിലിനെ
കൂഹൂ കൂഹൂ കൂഹൂ പാടിതൊട്ടിലാട്ടും - ഞങ്ങള്
തൊട്ടിലാട്ടും
പൂക്കളെനിക്കിഷ്ടമാണു പൂക്കള് - ഞാന്
പൂത്തമരക്കൊമ്പിലൊരു കൂടുകൂട്ടും
ചിങ്ങമാസപ്പെണ്ണൂവന്നു പൂക്കളം തീർക്കും - മലര്
തിങ്കള്വന്നു തെങ്ങിളനീര് തുളച്ചു നല്കും
താലവനപ്പന്തലില് കടിഞ്ഞൂല് കുഞ്ഞുമായ്
താലീപീലി താളം തുള്ളിചുവടുവയ്ക്കും
പൂക്കളെനിക്കിഷ്ടമാണു പൂക്കള് - ഞാന്
പൂത്തമരക്കൊമ്പിലൊരു കൂടുകൂട്ടും
കൂട്ടിനകം പ്രേമംകൊണ്ടലങ്കരിക്കും - ഞങ്ങള്
കൂട്ടുകാരായെന്നുമെന്നും താമസിക്കും
പൂക്കളെനിക്കിഷ്ടമാണു പൂക്കള് - ഞാന്
പൂത്തമരക്കൊമ്പിലൊരു കൂടുകൂട

വാടി വീണതാം പൂക്കൾ
മണ്ണുമായ് വാരിക്കൊണ്ടു
പാറിവന്നെൻ മുന്നിൽ വ -
ന്നഞ്ചിതഹാസത്തോടെ.
'അച്ഛനും പൂവേണമോ?'
ചോദിച്ച മകളുടെ
സ്വപ്നമാം കവിൾത്തട്ടിൽ
കണ്ടു ഞാൻ വസന്തത്തെ

(വസന്തം - തിരുനെല്ലൂർ)

"ഉദ്യാനപാലകരെ! ഭവാന്മാ-
രുണർന്നുദ്യമിപ്പിൻ പുഷ്പകാലമായി.
ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ"

(ദുരവസ്ഥ - കുമാരനാശാൻ)



# യൂണിറ്റ് 2
# ഒപ്പം ചിരിക്കാം ഓർത്തു ചിരിക്കാം

ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളുമായി മല്ലിടുന്ന മനുഷ്യർ നർമ്മബോധത്തോടെ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കാറുണ്ട്. ഇത്തരം ജനകീയമായ ആവിഷ്കാരങ്ങളാണ് ഭാഷയിലെ ഹാസസാഹിത്യത്തെ വളർത്തിയത്.

"ധീരം വായ്ക്കുന്നു കണ്ണുനീർ കുത്തിൽ
നേരംപോക്കിന്റെ വെള്ളിമീൻചാട്ടം"

എന്ന് വൈലോപ്പിള്ളി ചിത്രീകരിക്കുന്നത് ജീവിതത്തിലെ നർമ്മബോധത്തെയാണ്. കഷ്ടപ്പാടുകൾ വരുമ്പോൾ കൂട്ടത്തോടെ വരാറുണ്ട്. അപ്പോഴാണ് ഇടിവെട്ടേറ്റവനെ പാമ്പു കടിച്ചു എന്നും മോങ്ങാനിരിക്കുന്ന നായയുടെ തലയിൽ തേങ്ങാ വീണു എന്നും പറയുന്നത്. പഴഞ്ചൊല്ലുകളിലൂടെ (കഷ്ടപ്പാടുകൾക്ക് മേൽ കഷ്ടപ്പാട് എന്ന ജീവിതാവസ്ഥയെ) നർമ്മബോധത്തോടെ സാധാരണ മനുഷ്യർ ആവിഷ്കരിക്കാറുണ്ട്.

'എല്ലാരെപട്ടിക്കും പിന്നോട്ട് വാല് അമ്പാട്ട് പട്ടിക്ക് മുന്നോട്ടു വാല്' എന്ന ചിലവയെ കുറിച്ച് പറയുമ്പോൾ കടങ്കഥയിൽ കൗതുകത്തോടെ തെളിയുന്ന നർമ്മബോധം കാണാനാകും. കൈക്കോട്ട് പോലെ എന്നൊരാളെക്കുറിച്ച് പറയുമ്പോൾ എല്ലാം സ്വന്തമാക്കി വയ്ക്കുന്ന അയാളുടെ സ്വഭാവത്തെപ്പറ്റി നർമ്മബോധത്തോടെ പറയുകയാണ് ചെയ്യുന്നത്. ശൈലികൾ, പ്രസംഗങ്ങൾ, പ്രയോഗങ്ങൾ, നാടോടി കഥകൾ, നാടൻ പാട്ടുകൾ തുടങ്ങിയവയിലെല്ലാം ഹാസ്യത്തിന്റെ മേമ്പടി കാണാം.

"അടച്ചിട്ട പത്തായം തുറന്നു നോക്ക്യപ്പോഴ്
കാരയ്ക്കപോലുള്ള കുറേനെക്കണ്ടോളേ
തളപ്പൊന്നും കൂടാതെ തെങ്ങുമേ ക്കേറീട്ട്
തടസ്സൊന്നും കൂടാതെ താഴോട്ട് പോന്നോനെ"

ഇവിടെ പ്രത്യക്ഷത്തിൽ പരസ്പരം കളിയാക്കുകയാണ് നാടൻപാട്ടുകൾ ചെയ്യുന്നത്. എന്നാൽ സൂക്ഷിച്ചു നോക്കിയാൽ ജീവിതയാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള വേദന ഈ വരികളിൽ നിഴലിക്കുന്നത് കാണാം. നല്ല നിറയേണ്ട പത്തായത്തിൽ കൂറ _പാറ്റ - മാത്രം. വിശപ്പ് മാറ്റുന്നതിനായി എത്രയും പെട്ടെന്ന് തേങ്ങ കിട്ടണം. ഇതിനുവേണ്ടി തളപ്പു പോലുമെടുക്കാതെ തെങ്ങിൽ കയറേണ്ടി വരുന്ന ദുരവസ്ഥ.

"കരളെരിഞ്ഞാലും തലപുകഞ്ഞാലും
ചിരിക്കണമതേ വിദൂഷക ധർമ്മം"

എന്ന സഞ്ജയൻ പറയുന്നത് ഈ അവസ്ഥയോട് ചേർത്ത് വായിക്കാം. തോലനും ചാക്യാരും വളർത്തിയ മലയാളത്തിലെ ഹാസസാഹിത്യം നമ്പ്യാരുടെ കയ്യിൽ എത്തിയപ്പോൾ കൂടുതൽ ജനകീയമായി.

"തോലനൊത്തു രസിച്ചു ചിരിച്ചു തോളുരുമ്മി നിന്നെൻ മലയാളം"
(ഭാവത്രയം - ചങ്ങമ്പുഴ)

ജനങ്ങൾ പ്രയോഗിച്ച ശൈലിയും പഴഞ്ചൊല്ലും പേരുകളും എല്ലാം നമ്പ്യാർ തുള്ളൽ കവിതകളിൽ കലാപരമായി കൂട്ടിച്ചേർത്തു. നാടൻ പാട്ടുകളുടെ ഇണവും താളവും എല്ലാം തുള്ളൽ കവിതകളുടെ ഭാഗമായി. പുരാണകഥകളും നാടോടി കഥകളും എല്ലാം തുള്ളലുകളിൽ കൂടുതൽ മിഴിവോടെ പ്രത്യക്ഷപ്പെട്ടു. എല്ലാ പുരാണ കഥകൾക്കും കേരളീയമായ പശ്ചാത്തലവും ലഭിച്ചു. കേരളത്തിലെ നായരും പട്ടരുമടങ്ങുന്ന ജനവിഭാഗം

ഹസ്തിനപുരിയിലും ദ്വാരകയിലും മധുരയിലുമെല്ലാം തുള്ളൽ കവിതകളിലൂടെ കടന്നു ചെന്നു. അവരുടെ ജീവിതാനുഭവങ്ങൾ പുരാണകഥകളിലും പുരാണകഥാ സന്ദർഭങ്ങൾ കേരളീയരുടെ ജീവിതത്തിലേക്കും കലാപരമായി കടന്നുവന്നു. വായുവില്ലാത്ത ലോകം എന്ന കവിതയിലും മുണ്ടുടുക്കുന്നവരും എണ്ണ തേയ്ക്കുന്നവരും കഞ്ഞി കോരികുടിക്കുന്നവരും എല്ലാമടങ്ങുന്ന വലിയൊരു കേരളീയ സമൂഹമുണ്ട്. കുട്ടികൾ കൂടി കഥാപാത്രങ്ങളായ കടങ്കഥ എന്ന നാടോടി കഥയിലും നർമ്മരസം നിറഞ്ഞുനിൽക്കുന്നു. കടുത്ത ജീവിത വിഷമങ്ങൾ പോലും നർമ്മം കലർന്ന ഭാഷയിലൂടെ ആവിഷ്കരിച്ച് മലയാളത്തെ ചിരിപ്പിച്ച എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. കുട്ടിക്കാല അനുഭവങ്ങൾ ആവിഷ്കരിക്കുമ്പോഴും നീർനാഗം എന്ന കഥയിൽ അദ്ദേഹത്തിൻറെ നർമ്മരസം നിറഞ്ഞൊഴുകുന്നത് കാണാം.

പ്രവേശകത്തിലേക്ക്...

**കഥ പറയാം**

ടീച്ചർ ഒരു കഥ പറയുന്നു. നല്ല തമാശയുള്ളതാവണം കഥ. അല്ലെങ്കിൽ സിനിമയിലെ കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന സിനിമയിലെ ഹാസ്യരംഗങ്ങളുടെ വീഡിയോ ക്ലിപ്പുകളും ആവാം (ഉദാഹരണം പറക്കും തളിക, പാണ്ടിപ്പട, കിലുക്കം)

- ഇനി പ്രവേശകം കുട്ടികൾ വായിക്കട്ടെ (വ്യക്തിഗതം
- ഒന്നോ രണ്ടോ കുട്ടികൾക്ക് കഥ വായിക്കാൻ അവസരം നൽകണം
- പൊതു ചർച്ച

ചോദ്യങ്ങൾ
- ശങ്കുണ്ണിയേട്ടനെ ഇഷ്ടമായോ?
- തോമസിന് ചിരിയടക്കാനാവാത്തത് എന്തുകൊണ്ട്?
- കഥയിൽ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?

- കുട്ടികൾക്ക് അറിയാവുന്ന തമാശനിറഞ്ഞ കഥകൾ പറയാൻ അവസരം നൽകണം
- കൂടുതൽ കഥകൾ അവർ ലൈബ്രറിയിൽ നിന്നും അടുത്തുള്ള വായനശാലയിൽ നിന്നും
- കണ്ടെത്തട്ടെ.
- യൂണിറ്റ് പ്രവർത്തനങ്ങൾക്കിടയ്ക്ക് സന്ദർഭോചിതമായി അവതരിപ്പിക്കാൻ അവസരം
- നൽകാവുന്നതാണ്.
- രസകരമായ കുറെ കഥകൾ പരിചയപ്പെട്ടുവല്ലോ. ഇനി ഒരു കവിതയായാലോ?

## വായുവില്ലാത്ത ലോകം

സാധാരണ സംഭവങ്ങൾക്കപ്പുറം എന്ത് എന്ന ചോദ്യം വായനക്കാരിൽ ഒട്ടേറെ ചിന്തകൾ സൃഷ്ടിക്കും. കാര്യങ്ങൾ ഇപ്പോൾ നടക്കുന്നതിന് വിപരീതമായി നടന്നാൽ എന്ത് സംഭവിക്കും? ഈ ചോദ്യം ഒരേസമയം കൗതുകവും ആകാംക്ഷയും വായനക്കാരിലും കേൾവിക്കാരിലും ഉണ്ടാക്കും. കാലനില്ലാത്ത മരണമില്ലാത്ത ലോകത്തെ ചിത്രീകരിച്ചപ്പോൾ കുഞ്ചൻ നമ്പ്യാർ ഇങ്ങനെ ഭാവനയുടെയും ചിന്തയുടെയും വലിയ ലോകത്തിലേക്കാണ് വായനക്കാരെ കൊണ്ടുപോയത്.

" അഞ്ഞൂറു വയസ്സുള്ളോരപ്പൂപ്പൻമാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു അപ്പൂപ്പൻ അവർക്കുണ്ട്
കണ്ണ് കാണാത്തവർ പിന്നെ കാത് കേൾക്കാത്തവർ പിന്നെ
കിണ്ണത്തേക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ട്"

അഞ്ഞൂറ് വയസ്സുള്ള അപ്പൂപ്പൻ കുട്ടിയായിട്ടിരിക്കുന്നു. കാരണം അദ്ദേഹത്തിന് എഴുന്നൂറ് വയസ്സുള്ള അപ്പൂപ്പൻ ഉണ്ട് ! കാലന്റെ - മരണത്തിന്റെ - അഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയുന്നതിലൂടെ മരണം എന്ന ജീവിത സത്യത്തിന്റെ അനിവാര്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയാണ് നമ്പ്യാർ ചെയ്യുന്നത്. മരണം ആർക്കും ഒഴിവാക്കാനാകില്ല. മനുഷ്യജീവിതം നശ്വരമാണ് എന്ന വലിയ ജീവിത സത്യമാണ് നമ്പ്യാർ നർമ്മത്തിലൂടെ ആവിഷ്കരിക്കുന്നത്.

വായുവില്ലാതാകുമ്പോഴാണ് നാം വായുവിന്റെ വില അറിയുക. കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ല എന്ന പഴഞ്ചൊല്ല് ഓർക്കാം. വായുവില്ലാത്ത ജീവിതത്തെ നമ്പ്യാർ ഭാവന ചിത്രമാക്കി വികസിപ്പിക്കുന്നു. കവി വാക്കു കൊണ്ടുവരച്ച ഈ ചിത്രം നമുക്ക് ചുറ്റുമുള്ള വായുവിന്റെ പ്രാധാന്യത്തെ കുറിച്ച് ചിന്തിക്കാൻ വായനക്കാരന് പ്രേരണ നൽകുന്നു. വെള്ളം ഇല്ലാതായാൽ, ഭക്ഷണം ഇല്ലാതായാൽ എല്ലാം എന്ത് സംഭവിക്കുമെന്ന് കുട്ടികളോട് ചോദിക്കാനും അവർക്ക് ഭാവനയിൽ കാണാനുമുള്ള സർഗാത്മകമായ തുടർ പ്രവർത്തന സാഹചര്യവും ഈ കവിത നൽകുന്നു.

"ചിരിക്കുന്ന കഥ കേട്ടാലിരിക്കും
ആയതല്ലെങ്കിൽ തിരിക്കും"

എന്ന് ജനങ്ങളുടെ മനോഭാവം കൃത്യമായ ഉൾക്കൊണ്ടാണ് നമ്പ്യാർ ഈ കാവ്യഭാഗവും രചിച്ചത്. "ചിരിക്കാതെ രസിപ്പിക്കാൻ ഒരിക്കലമെളുതല്ല" എന്ന കാര്യവും നമ്പ്യാർ തന്റെ കാവ്യരചനയിൽ പ്രാവർത്തികമാക്കി. അങ്ങനെ മനുഷ്യന് ജീവിക്കാൻ ഏറ്റവും അത്യാവശ്യമായ വായു ഇല്ലാതായാൽ ഉണ്ടാകുന്ന ചിത്രം (സാധാരണഗതിയിൽ ഈ ചിത്രം ദു:ഖമാണ് മനുഷ്യരിൽ ഉണ്ടാക്കാൻ സാധ്യതയുള്ളത്) നമ്പ്യാർ നർമ്മത്തോടെ ആവിഷ്കരിക്കുന്നു. കഷ്ടകാലത്തിൽ നിന്ന് ചിരിയുണ്ടാക്കുന്ന ഈ സന്ദർഭം

നമ്പ്യാരുടെ പ്രതിഭയ്ക്ക് വലിയ ഉദാഹരണമായി മാറുന്നു. ഏതു വിഷമാവസ്ഥകളെയും നർമ്മബോധത്തോടെ തരണം ചെയ്യാനുള്ള പ്രേരണ ഈ കവിത പഠനം കുട്ടികൾക്ക് നൽകും.

കവിതയിലേയ്ക്ക്...

- അപ്രതീക്ഷിതമായി ഭൂമിയിൽ വായുവില്ലാതായാലുള്ള അവസ്ഥയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? എന്ത് സംഭവിക്കും?
    * ഏതാനും കുട്ടികൾ പ്രതികരിക്കട്ടെ.
- ഇങ്ങനെ ഒരു അവസ്ഥയെ കുഞ്ചൻ നമ്പ്യാർ വർണ്ണിക്കുന്നത് ഒന്ന് വായിക്കൂ.
- വായുവില്ലാത്ത ലോകം - കവിത വായന (വ്യക്തിഗതം)
- സംഘങ്ങളായ അവതരണം (നാലു ഗ്രൂപ്പ്)
- തുള്ളൽ കവിതകൾ എങ്ങനെ അവതരിപ്പിക്കും?
    * താളം
    * ഈണം
    * നിർത്തലുകൾ
    * ഊന്നലുകൾ
    * ..........................
    * ..........................
- ധ്രുവ ചരിത്രത്തിലെ ചില ഭാഗങ്ങൾ വീഡിയോ/ഓഡിയോ അവതരിപ്പിക്കാം (കിട്ടും പണമെങ്കിലിപ്പോൾ എന്ന ഭാഗം ഇന്റർനെറ്റിൽ ഉണ്ട്. അവയുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

**ഒരൊറ്റ നിമിഷം (നിശ്ചലദൃശ്യം)**

- കവിതയെ നാലു ഭാഗങ്ങളാക്കി മുൻ നിശ്ചയിച്ച നാല് ഗ്രൂപ്പിനും നൽകുന്നു.

ഗ്രൂപ്പ് 1 - മാരുതസഞ്ചാരമെല്ലാമടങ്ങുക
.......................................................
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു.

ഗ്രൂപ്പ് 2 - മുണ്ടുടുക്കുന്നവൻ രണ്ടുകരം കൊണ്ടു
..............................................................
പൊങ്ങുന്നതിൻ മുമ്പ് വായു ശമിക്കയാൽ

ഗ്രൂപ്പ് 3 - എണ്ണ തേയ്ക്കുന്നവരപ്പാടിരിക്കുന്നു
..............................................................
ച്ചൊട്ടു വായും പിളർന്നങ്ങനെ നിൽക്കുന്നു

ഗ്രൂപ്പ് 4 - മദ്ദളം കൊട്ടുന്ന വിദ്വാൻ കഴുത്തിലെ
..............................................................
ചിത്രമെഴുതിയ പോലെ കാണാൻ വന്നു.

- ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച ഭാഗങ്ങൾ വായിക്കട്ടെ.
- പ്രയാസമുള്ള പദങ്ങൾ വരികൾ എന്നിവ അതത് ഗ്രൂപ്പിൽ ഇടപെട്ട് ടീച്ചർ വ്യക്തത
- വരുത്തണം.
- ഓരോ ഗ്രൂപ്പിനും ലഭിച്ച ഭാഗം അവർ നിശ്ചലദൃശ്യമായി അവതരിപ്പിക്കട്ടെ.
- തൽസമയ വിലയിരുത്തൽ നടക്കണം.
- ഓരോ ഗ്രൂപ്പിലെയും ഓരോ കുട്ടി അടങ്ങിയ സംഘമായിരിക്കണം മികച്ച അവതരണം
- നടത്തിയ ഗ്രൂപ്പിനെ കണ്ടെത്തേണ്ടത്.
- കുറവുകളും മെച്ചപ്പെടുത്തേണ്ടവയും ചർച്ച ചെയ്യുമല്ലോ.
- തുടർന്ന് ഇപ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നതെങ്കിലോ എന്ന ചോദ്യം ഉന്നയിക്കാം.
- ഓരോ സംഘവും അവതരിപ്പിക്കട്ടെ. മറുസംഘം അത് എന്താണെന്ന് പറയട്ടെ.
- മൊബൈൽ ഫോൺ ഉപയോഗിച്ച് ഇവ പകർത്തണം. മികച്ചവ ക്ലാസിൽ പ്രദർശിപ്പിക്കുകയുമാവാം

## അക്ഷരക്കിലുക്കം

അക്ഷരങ്ങളുടെ ആവർത്തനം കവിതകൾക്ക് നൽകുന്ന ഭംഗി ചർച്ച ചെയ്യാം.

തോറ്റോടിയ പട
ഉള്ളത്തിൽ ഭയമേറുക മൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു
വള്ളിക്കെട്ടുകൾ തോറും ചെന്നതി-
നുള്ളിൽ പൂക്കു പലജനമപ്പോൾ
മണ്ണിൽപ്പലപല കുഴിയുണ്ടാക്കി
പൊണ്ണന്മാർ ചിലരവിടെയൊളിച്ചു.

പാണ്ടൻനായുടെ പല്ലിന് ശൗര്യം
പണ്ടേ പോലെ ഫലിക്കുന്നില്ല
പണ്ടിവനൊരു കടിയാലൊരു പുലിയെ
കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ

മീശക്കാരൻ കേശവന് ദോശ തിന്നാനാശ
ദോശവാങ്ങാൻ കാശിനായി തപ്പിനോക്കി കീശ
കീശയിലും കാശില്ല മേശയിലും കാശില്ല
കാശില്ലാതായവന് കേറി വന്നു വാശി.

കുഞ്ഞിയമ്മയ്ക്കഞ്ച് മക്കളാണേ
അഞ്ചാമനോമനക്കുഞ്ഞുവാണേ
പഞ്ചാര വിറ്റു നടന്നു കുഞ്ചു
പഞ്ചാരക്കുഞ്ചു വെന്ന് പേരുവന്ന

ഇത്തരം ധാരാളം ഗാനങ്ങളും കുട്ടികൾക്ക് പരിചിതമാണ് ഒരു പാട്ട് മേള നടത്തുക യും ചെയ്യാം.

## നിറച്ചാർത്ത്

* ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങ്
മിണ്ടാതിരുന്നാൻ ഉരുളയും കൈക്കൊണ്ട്

പാഠഭാഗത്തിൽ കൊടുത്തിരിക്കുന്ന ഈ വരികൾ തന്നെയല്ലേ അതിലെ ചിത്രവും? ഇങ്ങനെ വാക്കുകളിലൂടെ അവതരിപ്പിക്കുന്ന കുറെ ചിത്രങ്ങൾ പാഠഭാഗത്തുണ്ട്.

* മുണ്ടുടുക്കുന്നവൻ രണ്ട് കരം കൊണ്ട്
മുണ്ട് ഞൊറിച്ചുപിടിച്ചു നിന്നീടുന്നു
മുങ്ങിക്കിടക്കുന്നു വെള്ളത്തിലും ചിലർ
പൊങ്ങുന്നതിൻമുമ്പ് വായു ശമിക്കയാൽ.

*

*

കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി പറയാൻ അവസരം നൽകണം. രേഖപ്പെടുത്തിയ സന്ദർഭങ്ങൾ ഗ്രൂപ്പുകൾക്ക് നൽകി ചിത്രീകരിക്കാൻ ആവശ്യപ്പെടാം.

## സഹായക ചോദ്യങ്ങൾ

- ആരൊക്കെയാണ് കഥാപാത്രങ്ങൾ?
- എവിടെ വച്ചാണ് ഇത് സംഭവിച്ചിട്ടുണ്ടാവുക?
- അവരുടെ അപ്പോഴുള്ള ഭാവം. ശരീരഭാഷ എങ്ങനെയാണ്?
- നിങ്ങൾക്ക് ഇഷ്ടമുള്ള നിറമേതാണ്?

ഗ്രൂപ്പുകളുടെ അവതരണത്തിനുശേഷം ചിത്രങ്ങൾ ചുമർ മാസികയിലേക്ക് മാറ്റാം.

നിർദ്ദേശം

ഇതേ പ്രവർത്തനം തന്നെ കുട്ടികൾക്ക് വ്യക്തിഗതമായി നൽകിയിട്ടും നടത്താവുന്നതാണ്. നിറച്ചാർത്ത് എന്ന പേര് നൽകി ഇതിനെ ചിത്രപുസ്തകമാക്കി മാറ്റാവുന്നതാണ്. ചിത്രമാക്കിയ വരികൾ ചിത്രത്തിന് താഴെ കുട്ടികൾ എഴുതി ചേർക്കട്ടെ പാഠപുസ്തകത്തിലെ വരികളെ തിരിച്ചറിയാനുള്ള പ്രവർത്തനമായി ഈ ചിത്രങ്ങൾ ഉപയോഗിക്കുകയുമാവാം.

## ചിരിവരുന്ന വഴി

സിനിമയിലെ ചില ട്രോളുകൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു കുട്ടികൾ ചിരിക്കാൻ ഇടയായ സാഹചര്യം അവർ തന്നെ പങ്കുവയ്ക്കട്ടെ. ഈ പ്രവർത്തനം തികച്ചും അനൗപചാരികമായി അവതരിപ്പിക്കുന്നതാണ് ഉചിതം. സാധാരണ കുശലാന്വേഷണം പോലെ സ്വാഭാവികമായി നടക്കേണ്ട ഒരു പ്രക്രിയയാവണം ഇത്.
ഇത്തരം രസങ്ങൾ പാട്ടുകളിലും വരികളിലും ഒളിച്ചിരിക്കുന്നുണ്ട്. ചിരിയുണർത്തുന്ന വരികൾ ഉള്ള പാട്ടുകളും കവിതകളും ടീച്ചറും കുട്ടികളും പാടുന്നു.

അമ്മായി പൊന്നമ്മായി
മരുമോന്റെ കുഞ്ഞമ്മായി
കച്ചവടം പൊട്ടിയപ്പം
വട്ടായിപ്പോയി

പടകാളിചണ്ടിച്ചങ്കിരി
പോർക്കിലി മാർഗനി
ഭഗവതിയടിയനി -
ലലിവോടിന്നിത്തിരി
കനിയണമേ


വരുന്നോ നല്ലമരുന്ന്
വൈദ്യരെ വൈദ്യരെ

കേട്ടില്ലേ കോട്ടയത്ത് ഒരു മൂത്ത പിള്ളേച്ചൻ
തൊണ്ണൂറ് കഴിഞ്ഞപ്പോൾ പെണ്ണുകെട്ടാൻ പോയി

പാഠഭാഗത്തെ കവിതാഭാഗം വായിക്കുന്നു. ചിരിയുണർത്തിയ വരികൾ കുട്ടികൾക്ക് കണ്ടെത്താൻ അവസരം നൽകുന്നു.

**ആസ്വാദനമെഴുതാം (TB പ്രവർത്തനം)**

ഈ കവിതാ ഭാഗവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടത്തിയ ശേഷമാണ് കുട്ടികൾ ഇതിന്റെ ആസ്വാദനക്കുറിപ്പിലേക്ക് വരുന്നത്. പാഠഭാഗത്ത് അവരെ ആകർഷിച്ച (ഇഷ്ടപ്പെട്ട) കാര്യങ്ങൾ പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ടീച്ചർ ബോർഡിൽ ഒരു പദസൂര്യനായി ഇവ രേഖപ്പെടുത്തണം.




പദസൂര്യനിൽ നിന്ന് ആസ്വാദനക്കുറിപ്പിലേക്ക് കുട്ടികളെ നയിക്കാം. ആദ്യം കുട്ടികൾ വ്യക്തിഗതമായി തന്നെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ മെച്ചപ്പെടുത്തി പൊതു അവതരണത്തിന് അവസരമൊരുക്കണം. മേൽ സൂചിപ്പിച്ച പദസൂര്യയിൽ നിന്ന് കുട്ടികളുടെ ആശയങ്ങൾ കൂടി ഉൾക്കൊള്ളുന്ന ടീച്ചർ വേർഷനാവണം ഉണ്ടാവേണ്ടത്.

വിലയിരുത്താം

സൂചകങ്ങൾ കുട്ടികൾ തന്നെ പറയട്ടെ. അത്യാവശ്യമുള്ളിടത്ത് ടീച്ചർക്ക് കൂട്ടിച്ചേർക്കുകയുമാവാം.

പൊതു അവതരണത്തിൽ വിലയിരുത്തൽ നടത്തുന്നു. ടീച്ചർ വേർഷനും വിലയിരുത്താൻ അവസരം ഒരുക്കുമല്ലോ.

## കടങ്കഥ

"കയ്പുറ്റ വാഴ് വിന്റെ അല്പ മധുരിമ
ഒപ്പമവരുമായ് പങ്കുവെച്ചീടുന്നു;
ഒന്നവരെച്ചിരിപ്പിക്കാൻ ചിരിക്കുന്നു
കണ്ണു മൂന്നുണ്ട് പരമശിവനല്ല
നന്നായ് പിഴിഞ്ഞെടുക്കാം പാല് പയ്യല്ല
ഉള്ളിൽ ജലമുണ്ട് തീർത്ഥക്കുടമല്ല
മുള്ള് പോലും താടിയുണ്ടെന്നാൽ മുനിയല്ല
ആരെന്നു ചൊല്ലുക കുഞ്ഞുങ്ങളാരതെ
ന്നാരാഞ്ഞിടുമ്പോ,ളൊരു ചിടുങ്ങൻ നീട്ടി -
യോതുന്നു 'നാളികേരം'!
വൃദ്ധനാ നല്ല പൈതലിന്നേകുന്നൊരു ലഡ്ഡും കൂടി!"
(ഹേ ദില്ലി - ഒഎൻവി)

ജീവിതാനുഭവങ്ങളുടെ കയ്പ് മധുരമാക്കാൻ വേണ്ടി കടങ്കഥകളിലെ നർമ്മം പങ്കിടുന്ന വരെയാണ് ഒഎൻവി മുകളിലെ വരികളിൽ സൂചിപ്പിക്കുന്നത്. വാമൊഴിയിലൂടെ തലമുറകളായി കൈമാറിയ ഭാഷാവ്യവഹാര രൂപമാണ് കടങ്കഥ. രൂപം കൊണ്ടുതന്നെ ചിന്താപ്രക്രിയ ഉറപ്പാക്കുന്ന ഭാഷാ വ്യവഹാര രൂപമാണിത്. ഉന്നയിക്കുന്ന ചോദ്യത്തിന്റെ ഉത്തരം തിരിച്ചറിയുമ്പോഴാണ് കടങ്കഥയുടെ കാവ്യഭംഗി ആസ്വദിക്കാനാവുക. നേരിട്ട് പറയാതെ ഒരു വസ്തുവിനെക്കുറിച്ച് ചുരുക്കം സൂചനകൾ ഇവിടെ പറയുന്നതിനാൽ കടങ്കഥയ്ക്ക് കവിതയോട് രൂപപരമായ അടുപ്പമുണ്ട്. മലയാളത്തിലെ ചില കവിതകൾ കടങ്കഥകൾ തന്നെയാണ്.

ഉദാ:

1 "താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയൊരലാറം"
(കുറ്റിപ്പുറത്ത് കേശവൻ നായർ)

2 "ചുടുന്നതില്ലീ ചെറുതീയതൊന്നുമേ
കെടുന്നുമില്ലീ മഴയത്തു പോലുമേ"
(മിന്നാമിനുങ്ങ് - കുമാരനാശാൻ)

3 "കൂരിരുട്ടിന്റെ കിടാത്തി എന്നാൽ
സൂര്യപ്രകാശത്തിനുറ്റതോഴി ചീത്തകൾ
കൊത്തി വലിക്കുകിലും
ഏറ്റവും വൃത്തിവെടിപ്പെടുന്നോൾ"
(കാക്ക - വൈലോപ്പിള്ളി)

ഈ വരികളെല്ലാം ഏതെങ്കിലുമൊരു ജീവിയെ കുറിച്ച് ആണെന്നതും ശ്രദ്ധിക്കാം കേൾവിക്കാരന് മുന്നിൽ ചിന്തയിലൂടെ പരിഹരിക്കേണ്ട ഒരു വെല്ലുവിളി അല്ലെങ്കിൽ പ്രശ്നം ഉയർത്താൻ കടംകഥയ്ക്ക് കഴിയുന്നു. ചുറ്റുപാടുകളെ കുറിച്ച് സർഗാത്മകമായ നിരീക്ഷണങ്ങൾ നടത്താനും പുതിയ രീതിയിൽ ആവിഷ്കരിക്കാനും കടങ്കഥകൾ സഹായിക്കുന്നു.

കടങ്കഥയുടെ ഈണം കവിതകളിൽ കടന്നുവരാറുണ്ട്

"ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ വള്ളിക്കിണ്ണം തുള്ളിത്തുള്ളി"

ഈ കടങ്കഥയുടെ രീതിയിൽ

"പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ല"

എന്ന തുള്ളൽവരികൾ ചെല്ലാൻ കഴിയും

"ഈച്ച തൊടാത്തൊരിറച്ചി കഷ്ണം
പൂച്ച തൊടാത്തൊരിറച്ചി കഷ്ണം
നീരിൽ വീണാൽ കരിയും കഷ്ണം"

എന്ന കടങ്കഥ വടക്കൻ പാട്ടിന്റെ രീതിയിൽ ചൊല്ലാവുന്നതാണ് വടക്കൻ പാട്ടിന്റെ രീതിയിൽ ധാരാളം കവിതകൾ മലയാളത്തിലുണ്ട്.

മുത്തച്ഛനും കുട്ടികളും തമ്മിൽ നടക്കുന്ന കടങ്കഥകേളിയാണ് നർമ്മ മധുരമായി കടങ്കഥ എന്ന കഥയിൽ അവതരിപ്പിക്കുന്നത്.

കരയെ കാണാൻ <u>തിരയും തിരയും.</u>
മീനു നിറഞ്ഞാൽ <u>വലയും വലയും.</u>

ഇവിടെ അടിവരയിട്ട പദങ്ങൾ വ്യത്യസ്ത അർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. ഉത്തരം പറ എന്ന് മുത്തച്ഛൻ പറയുമ്പോഴും വാക്കിന് വ്യത്യസ്തഅർത്ഥ സാധ്യതകൾ നൽകുന്ന ഭംഗിയാണ് ഈ കഥയിൽ ഹാസ്യം ഉണ്ടാക്കുന്നത്. ഹാസസാഹിത്യത്തിൽ കടങ്കഥകൾക്കും ഒരു സ്ഥാനം ഉണ്ടെന്ന വസ്തുതയും ഈ കഥ ഓർമിപ്പിക്കുന്നു.

## കടംകഥച്ചിത്രം

പാഠപുസ്തകത്തിലെ ചിത്രം ശ്രദ്ധിക്കട്ടെ. ഇതിൽ ഒളിച്ചിരിക്കുന്ന കടംകഥ കുട്ടികൾക്ക് കണ്ടെത്താൻ അവസരം നൽകാം.

- ടീച്ചർ ചിലചിത്രങ്ങൾ ക്ലാസിൽ കാണിക്കുന്നു

ഉദാ: ചിരവ (ഇല്ലത്തെപ്പട്ടിക്ക് മുമ്പോട്ട് വാല്)
കത്രിക (കണ്ടം കണ്ടം കണ്ടിക്കും തുണ്ടം പോലും തിന്നില്ല)
കിണർ (മുറ്റത്തെ ചെപ്പിനടപ്പില്ല)
ചൂല് (ആയിരം പോലീസിന് ഒരു ബെൽറ്റ് )

ഇവയുടെ ഭാഷാപരമായ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു.

കടങ്കഥാചർച്ച
- ഒളിച്ചിരിക്കുന്ന ആശയത്തിന്റെ പൂർണ്ണത
- കടങ്കഥയിലെ ഭാഷ
- പദങ്ങളുടെ ആവർത്തന ഭംഗി
- കാവ്യഭംഗി
- പറയാതെ പറയുന്നതിലെ ഭംഗി
- അക്ഷരാവർത്തനഭംഗി

ഈ പദസൂര്യൻ ചാർട്ടിൽ കൃത്യമായി രേഖപ്പെടുത്തി ചുമർചിത്രമായി ഒരുക്കാം പുതിയ കടങ്കഥകൾ സ്വയം ഒരുക്കാനും അവ ഉപയോഗിച്ച് കടംകഥപ്പയറ്റുകൾ നടത്താനും അവസരം നൽകണം.

### കടങ്കഥക്കളി

കഥാഭാഗം ക്ലാസ്റൂം പ്രവർത്തനമായി ഒരുക്കാം. ടീച്ചർ മുത്തശ്ശന്റെയോ മുത്തശ്ശിയുടെയോ സ്ഥാനം ഏറ്റെടുത്ത് കടങ്കഥക്കളി നടത്താനുള്ള പശ്ചാത്തലം ഒരുക്കണം. ഇത് ഒരു നാടക രൂപത്തിൽ ക്ലാസ് മുറിക്ക് പുറത്ത് ഏറെ തനിമയോടെ ആവിഷ്കരിക്കാം. സാധാരണ നാട്ടുമ്പുറത്തെ കുട്ടിമുത്തശ്ശൻ കൂട്ടത്തെ പോലെ പാഠഭാഗം അഭിനയിച്ച് വിജയിപ്പിക്കാൻ ടീച്ചർക്ക് കഴിയണം. പാഠഭാഗത്തെ ആസ്പദമാക്കി തീര് തയ്യാറാക്കുന്ന ഒരു സ്ക്രിപ്റ്റ് ഉപയോഗിച്ച് അവതരണം ഗംഭീരമാക്കാം. (പാഠഭാഗത്ത് ഉപയോഗിച്ച പഴഞ്ചൊല്ലുകൾ എല്ലാം സ്ക്രിപ്റ്റിൽ ഉൾക്കൊള്ളിക്കാൻ ടീച്ചർ ശ്രദ്ധിക്കുമല്ലോ)

മുത്തശ്ശൻ/മുത്തശ്ശി സ്ഥാനം താല്പര്യമുള്ള കുട്ടികൾ ഏറ്റെടുത്ത് വീണ്ടും അവ തരണം നടത്തുന്നു. (ടീച്ചർ അപ്പോൾ കുട്ടിയായി കൂട്ടത്തിൽ ഉണ്ടാവണം) കഥയിലെ ഒരു കുട്ടിയായി നിന്നുകൊണ്ട് ടീച്ചർക്ക് കഥയെ തനതായ രൂപത്തിൽ മുമ്പോട്ടു കൊണ്ടുപോവുകയും ചെയ്യാം. ആദ്യഘട്ടത്തിൽ കുട്ടികൾ ഉത്തരം പറയുന്നതിനനുസരിച്ച് കഥ പോയതുപോലെ രണ്ടാംഘട്ടത്തിൽ ടീച്ചറുടെ ഇടപെടലിലൂടെ അവതരണം പാഠഭാഗത്തിലേതുപോലെ മുമ്പോട്ടു പോകണം.

ഇനി ടീച്ചറിന്റെ ഒരു മാതൃകാ വായനയാവാം. കഥയ്ക്ക് അനുയോജ്യമായ താളവും ഭാവവും പാലിച്ചുകൊണ്ട് അവതരിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
ഇതേ അവതരണം കുട്ടികളും കൂടി ഏറ്റെടുത്ത് കൂടുതൽ വായന സന്ദർഭങ്ങൾ ഒരുക്കാം.

### കടംകഥച്ചന്തം

കടംകഥ ചിത്രത്തിൽ നൽകിയ പദസൂര്യൻ ഉപയോഗിച്ച് TB യിലെ കടങ്കഥയുടെ സവിശേഷതകൾ കണ്ടെത്തുന്നു.
ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പ്രാദേശിക ലൈബ്രറി ഇവയിൽ നിന്ന് ശേഖരിച്ച കടംകഥകൾ ഉൾപ്പെടുത്തി ക്ലാസിൽ കടങ്കഥപ്പയറ്റ്, വിദ്യാരംഗം സാഹിത്യ വേദിയിൽ കടങ്കഥ മത്സരം ഇവ സംഘടിപ്പിക്കാം.

ഉടുപ്പു ചുറ്റിയ മധുരക്കാരൻ
ഉടുത്തൊരുങ്ങിയ മധുരക്കാരൻ
ഉടുപ്പഴിച്ചാൽ മധുരക്കാരൻ
ഉറുമ്പരിക്കും മധുരക്കാരൻ
ആരാണീ മധുരക്കാരൻ?
(ചോക്കലേറ്റ്)

### കഥയിലും കടങ്കഥ

പറയിപെറ്റ പന്തിരുകുലത്തിലെ കഥാഭാഗം കുട്ടികൾക്ക് വായനയ്ക്ക് നൽകാം. പാഠഭാഗത്തിലെ ചോദ്യത്തിന്റെ ഉത്തരം കുട്ടികൾ കണ്ടെത്തി പ്പറയട്ടെ. നോട്ടുപുസ്തകത്തിൽ വായനക്കുറിപ്പായി എഴുതുകയും ചെയ്യാം.

### കടങ്കഥയിലെ ഭാഷ

TB പേജ് 33 ചിത്രം നോക്കിയിട്ട് അത് എന്താണ് പറയുന്നത് എന്ന് ഓരോ കുട്ടിക്കും പ്രതികരിക്കാൻ അവസരം നൽകുന്നു. ശേഷം കടങ്കഥ ചിത്രത്തിലെ പദസൂര്യൻ ഒരിക്കൽ കൂടി ടീച്ചർ പ്രദർശിപ്പിക്കുന്നു. പാഠപുസ്തകത്തിൽ കൊടുത്ത കടങ്കഥയിലെ ഭാഷയെക്കുറിച്ചും സാധാരണ ഭാഷയെക്കുറിച്ചും ചർച്ച നടത്താം.

കുട്ടികൾക്ക് സ്വതന്ത്ര പ്രതികരണത്തിന് അവസരമൊരുക്കാം. പറയുന്ന കാര്യങ്ങൾ ടീച്ചറും കുട്ടികളും രേഖപ്പെടുത്തണം. സാധാരണ ഭാഷയും കടകഥാ ഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ ഒരു കുറിപ്പ് എഴുതാൻ കുട്ടികൾക്ക് നിർദ്ദേശം നൽകാം. കുസൃതി ചോദ്യങ്ങളും കടങ്കഥയിൽ പരിചയപ്പെട്ട സവിശേ ഷതകളും താരതമ്യം ചെയ്യുകയുമാവാം.

**കടംകഥയെപ്പറ്റി ഒരു പാട്ട്**

കുട്ടിക്കടംകഥ കേട്ടാല്
കേട്ടുപഠിച്ചു നടന്നാല്
നാടിന്റെ നട്ടെല്ലു നീർന്നാല്
നോട്ടിന്റെ കെട്ടുകൾ പൊട്ട്യാല്
നമ്മുടെ ഭാഷ തെളിഞ്ഞാല്
നമ്മൾ മനുഷ്യരായ്ത്തീർന്നാല്
ജീവിതം നിന്നു തുളുമ്പ്യാല്
ജീവന്റെ സംസ്കാരം പൈമ്പാല് !

## നീർനാഗം

"പ്രാരാബ്ധത്തിൻ ചേറ്റിൽ നിന്നും വിരിയും കലപോലെയും"
പി കുഞ്ഞിരാമൻ നായർ സൂചിപ്പിച്ചതുപോലെ തീവ്രമായ ജീവിതാനുഭവങ്ങളിൽ നിന്നാണ് ബഷീർ സാഹിത്യം ഉറവെടുക്കുന്നത്. സൂഫി സന്യാസി ഹോട്ടൽ തൊഴിലാളി കലാസി തുടങ്ങി ഒട്ടേറെ ജോലികൾ ചെയ്തു ഇന്ത്യയിലും പുറത്തും ഒട്ടേറെ യാത്രകൾ നടത്തിയും നേടിയ അനുഭവ സമ്പത്ത് ബഷീറിൻറെ രചനകളെ വ്യത്യസ്തമാക്കുന്നു. "ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ" എന്ന് ബഷീർ അനർഘനിമിഷത്തിൽ പറയുന്നുണ്ട്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട പലതലങ്ങളിൽ വായിക്കാവുന്ന കൃതികളാണ് ബഷീർ രചിച്ചിട്ടുള്ളത്. കുഞ്ഞുണ്ണി മാഷ് ബഷീറിനെ പരിചയപ്പെടുത്തുന്നത് വായിക്കാം; "മരുഭൂമി പൂക്കുന്ന മഹാത്ഭുതം കണ്ട കണ്ണാണ് ബഷീറിന്റേത്. പണിയെടുത്തു പട്ടിണികിടന്നും എല്ലു മിടുക്കും ചൊല്ലുമിടുക്കും നേടിയ പച്ച മനുഷ്യനാണ് ബഷീർ. ശുദ്ധ സുന്ദരനാണ് ബഷീർ."

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. ലാഭം കുന്നുകുട്ടുന്നതിന് വേണ്ടിയുള്ള അമിതമായ പ്രകൃതി നശീകരണം ഇപ്പോൾ ആഗോളതാപനത്തിനും കാലാവസ്ഥ മാറ്റങ്ങൾക്കും മഹാമാരികൾക്കും കാരണമായി ക്കൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ എല്ലാ ജീവികളും ഭൂമിയുടെ അവകാശികൾ ആണെന്ന് ബഷീറിന്റെ ദർശനം വളരെ പ്രധാനപ്പെട്ടതാണ്. മുൻകൂട്ടി തയ്യാറാക്കിയ തന്റെ ചരമക്കുറിപ്പിൽ ബഷീർ ഇങ്ങനെ പറയുന്നു; "എല്ലാവർക്കും സലാം. മാങ്കോസ്റ്റിൻ മരത്തിനും സർവ്വമാന ജന്തുക്കൾക്കും സലാം. എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അണ്ഡകടാഹമേ മാപ്പ്! എല്ലാവർക്കും മംഗളം. ശുഭം." ബഷീറിൻറെ മതിലുകൾ എന്ന കഥയിലെ നായകൻ ജയിൽ മുറ്റത്ത് പനിനീർത്തോട്ടം വെച്ചുപിടിപ്പിക്കുന്നു. ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്ന നോവലിലെ നിസാർ അഹമ്മദ് പട്ടണത്തിലെ സ്വന്തമല്ലാത്ത വീടിന്റെ തൊടിയിൽ ഒട്ടുമാവുകൾ, പേരകൾ, സപ്പോട്ട, ജാതി, ചാമ്പക്ക, മുല്ല, റോസ് എന്നുവേണ്ട പൂവും കായും ഉണ്ടാവുന്നതായ അനേകം വൃക്ഷങ്ങൾ, ചെടികൾ, വല്ലികൾ തുടങ്ങിയവ നട്ടു പിടിപ്പിക്കുന്നു. ലളിതാംബിക അന്തർജ്ജനത്തിന് അയച്ച കത്തിൽ ഒരു ചെടിയുടെ വിത്തു കൂടി ബഷീർ അയക്കുന്നു. "ഞാൻ ഒരു ചെടിയുടെ അരി ഈ കത്തിൽ വച്ചിട്ടുണ്ട്. മുദ്രയുടെ

ഇടി കൊള്ളാതെ കിട്ടിയെങ്കിൽ തോട്ടത്തിൽ നടണേ." നീർനാകം എന്ന കഥയിൽ

"അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒന്നിനേയും കാരണം കൂടാതെ ദ്രോഹിക്കരുത്" എന്ന സന്ദേശം അദ്ദേഹം നൽകുന്നുണ്ട്. മറ്റു ജീവജാലങ്ങളോടുള്ള സാഹോദര്യം ബഷീർ കൃതികളുടെ പ്രധാനപ്പെട്ട ഒരു സവിശേഷതയാണ്.

സാധാരണ ജീവിത സന്ദർഭങ്ങളിൽ നിന്നു തന്നെയാണ് ബഷീർ ഹാസ്യം രൂപപ്പെടുന്നത്. തന്നെ അടിക്കാനുള്ള വടിയെക്കുറിച്ച് നൽകുന്ന വിവരണത്തിലും ബഷീർ ഹാസ്യം കണ്ടെത്തുന്നു. തന്നെ പീഡിപ്പിക്കുന്ന വസ്തുവിനെക്കുറിച്ച് പറയുമ്പോഴും ബഷീർ നർമ്മബോധം കൈവിടുന്നില്ല. ബമ്പൻ, ചിണുക്കി തുടങ്ങിയ പ്രയോഗങ്ങൾ വഴിയും ബഷീർ ഹാസ്യം സൃഷ്ടിക്കുന്നു. തുങ്കുടു സഞ്ചി (ഹാൻഡ് ബാഗ്),കൊസ്രാ ക്കൊള്ളി, ശിങ്കിടിമുങ്കൻ, തുട്ടാപ്പി തുടങ്ങി ഒട്ടേറെ തനിമയുള്ള പ്രയോഗങ്ങൾ വഴി ബഷീർ തന്റെ കൃതികൾക്ക് ഹാസ്യത്തിന്റെ സൗന്ദര്യം പകർന്നു നൽകുന്നു. ഇങ്ങനെ സാധാരണ ജീവിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്ന ഭാഷയിൽ നിന്നാണ് ബഷീർ നർമ്മം കണ്ടെത്തുന്നത്. ജീവിതത്തിലെ വിഷമാവസ്ഥകളെ നർമ്മബോധത്തോടെ നോക്കി കാണാനുള്ള ഊർജ്ജം ഈ കഥ നൽകുന്നു.

മനോഹരമായ ഒരു ശ്രാവ്യ വായനയോടെ കഥയിലേക്ക് കടക്കാം.
കുട്ടികൾക്ക് മൗന വായനയ്ക്കും ഭാവാത്മക വായനയ്ക്കും ചങ്ങല വായനയ്ക്കും അവസരം നൽകാം. കഥയിലെ ആശയം ഒരാൾ ഒരുകാര്യം എന്ന തരത്തിൽ പറയട്ടെ. തുടർന്ന് കഥാഭാഗം ഒരു ലഘുനാടകമായി ക്ലാസ്സിൽ അവതരിപ്പിക്കാം.

- തയ്യാറെടുപ്പുകൾ എന്തെല്ലാം?
  - * കഥാപാത്രങ്ങൾ
  - * വേഷം
  - * സംഭാഷണം
  - * സംവിധായകൻ
  - *
  - *

ടീച്ചറിന്റെ സ്മാർട്ട്ഫോൺ ഉപയോഗിച്ച് കുട്ടികൾക്ക് നാടകം പകർത്താനും അതിലൂടെ തന്നെ കണ്ടുവിലയിരുത്തി മെച്ചപ്പെടുത്താനും അവസരം നൽകാം.


## കുസൃതിപ്പതിപ്പ്

കഥ വായിച്ചപ്പോൾ ഏറ്റവും രസകരമായി തോന്നിയ സന്ദർഭങ്ങൾ എല്ലാ കുട്ടികൾക്കും പറയാൻ അവസരം നൽകുക.

കുട്ടിക്കാലത്തെ പല കുസൃതികളും കുട്ടികളുടെ മനസ്സിൽ ഉണ്ടാവും. രസകരമായി അവ ക്ലാസിൽ പറഞ്ഞ് അവതരിപ്പിക്കട്ടെ. എല്ലാവരും എഴുതി തയ്യാറാക്കി ഒരു കുസൃതി പതിപ്പ് രൂപപ്പെടുത്താം. നല്ലൊരു പേരും നൽകാം. ഇതിലേക്ക് ടീച്ചറുടെ ഒരു ബാല്യകാല അനുഭവവും കൂട്ടിച്ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

## കഥാപാത്ര പരിചയം

'കഥ വായിച്ചുവല്ലോ. കഥയിലെ പ്രധാന കഥാപാത്രമാണ് ബഷീറിന്റെ ബാപ്പ. അദ്ദേഹത്തിൻറെ എന്തെല്ലാം സ്വഭാവ സവിശേഷതകളാണ് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്?' എന്ന ചോദ്യത്തിലൂടെ പ്രവർത്തനത്തിലേക്ക് നയിക്കാവുന്നതാണ്. കഥ ഒരിക്കൽ കൂടി വായിച്ച് കഥാപാത്രത്തിന്റെ പ്രത്യേകതകൾ ഒരു പദസൂര്യനിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കാവുന്നതാണ്.




- ഒന്നോ രണ്ടോ കുട്ടികൾ അവതരിപ്പിക്കട്ടെ.
- മറ്റുള്ളവർ ആവശ്യമായത് കൂട്ടിച്ചേർക്കണം.
- സ്വതന്ത്ര രചനയ്ക്ക് അവസരം.
- സൂചകങ്ങൾ പൊതുവായി വികസിപ്പിക്കണം.
- കുറിപ്പിലെന്തെല്ലാം?
  - * ബാപ്പയുടെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി എഴുതിയിട്ടുണ്ട്. (പദസൂര്യനിൽ ഉള്ള കാര്യങ്ങൾ)
  - * ചുരുക്കിപ്പറഞ്ഞിട്ടുണ്ട്
  - * ഒരു ഖണ്ഡികയിൽ എഴുതിയിട്ടുണ്ട്
  - * ലളിതമായഭാഷ
- സൂചകങ്ങളുടെ സഹായത്തോടെ മെച്ചപ്പെടുത്തൽ
- പോർട്ട് ഫോളിയോയിലേക്ക്

## മ്മ്ണി ബല്യലോകം

കുട്ടികളുടെ വായനാശീലം പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കും. വായന ഒരു ശീലമാക്കി വളർത്താൻ നമുക്ക് സാധിക്കണം. സ്കൂൾ ലൈബ്രറിയെ കുട്ടിയുടെ വായന വേദിയാക്കി മാറ്റാൻ നമുക്കേ സാധിക്കൂ. അതിനായി നാം നിരന്തരം ഇടപെടണം. ജൂലൈ 5 ബഷീർ ചരമദിനമാണല്ലോ. ആ മാസംമുഴുവൻ ബഷീർകൃതികളുടെ വായനയ്ക്കും ചർച്ചയ്ക്കുമായി പ്രയോജനപ്പെടുത്തണം.


- ലൈബ്രറി സന്ദർശനം
- ബഷീർ കൃതികൾ കണ്ടെത്തൽ - വായന
- രസകരമായ സംഭവങ്ങളേയും കഥാപാത്രങ്ങളേയും പരിചയപ്പെടൽ
- വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ
- പ്രൈമറി ക്ലാസിൽ കുട്ടികൾ വായനക്കുറിപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. അഞ്ചാം ക്ലാസിൽ എത്ത മ്പോൾ എന്തെല്ലാം മികവുകൾ നമ്മൾ പ്രതീക്ഷിക്കണം?

* സ്വന്തം അനുഭവങ്ങളുമായി ബന്ധിപ്പിച്ചു വായിക്കൽ
* വായന അനുഭവങ്ങളോട് ചേർത്ത് ഭാവന വികസിപ്പിക്കൽ
* രചയിതാവിന്റെ ശൈലി തിരിച്ചറിയൽ
* മൂല്യങ്ങൾ (മാനവികത പരിസ്ഥിതി ദർശനം എന്നിവ) മനസ്സിലാക്കൽ
* ജീവിത സന്ദർഭങ്ങളിലെ നർമ്മം തിരിച്ചറിയൽ
* വരികൾക്കിടയിലൂടെ വായിക്കുന്നതിന്ഇ

- വയുമായി ബന്ധപ്പെടുത്തി സൂചകങ്ങൾ വികസിപ്പിക്കാം
- സൂചകങ്ങളുടെ സഹായത്തോടുകൂടി സ്വയം മെച്ചപ്പെടുത്തട്ടെ
- ടീച്ചർവേർഷൻ/ചില മാതൃകകൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്തണം
- പതിപ്പ് തയ്യാറാക്കി ജൂലൈ മാസം തന്നെ പ്രകാശനം ചെയ്യുമല്ലോ.

## എഴുത്തുകാരെ പരിചയപ്പെടാം

ഈ സോമനാഥ്



മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് അത്താണിക്കൽ എന്ന സ്ഥലത്ത് 1964 ൽ ജനനം.അച്ഛൻ സി എം ഗോപാലൻ നായർ. അമ്മ ഇ.ദേവകിയമ്മ. പത്രപ്രവർത്തകനും പരിസ്ഥിതി സ്നേഹിയുമാണ്. മൂന്നു ദശാബ്ധക്കാലം നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്ത പത്രപ്രവർത്തകൻ എന്ന നിലയിൽ പ്രശസ്തനായി.

കേരളത്തിലെ മിക്കവാറും വനമേഖലയിൽ സഞ്ചരിച്ച് കാര്യങ്ങൾ പഠിക്കുവാനും അവിടുത്തെ ആദിവാസികളുമായി അടുത്ത ബന്ധം പുലർത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കാവ്യാത്മകവും ലളിതവുമായിരുന്നു രചനാശേരി. 2022 ഡിസംബർ 22ന് അന്തരിച്ചു.

## വൈക്കം മുഹമ്മദ് ബഷീർ

1908 ജനുവരി 23ന് കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ ജനിച്ചു. നോവലിസ്റ്റ് കഥാകൃത്ത് സ്വാതന്ത്ര്യ സമര പോരാളി തുടങ്ങിയ നിലകളിൽ പ്രസിദ്ധനായി. സൂഫി, സന്യാസി, ഖലാസി, ഹോട്ടൽ തൊഴിലാളി തുടങ്ങി ഒട്ടേറെ മേഖലകളിൽ ഇടപെട്ടു. തീവ്രമായ ജീവിത അനുഭവങ്ങളിൽ നിന്നാണ് ബഷീറിന്റെ രചനകൾ രൂപം കൊണ്ടത്.
"ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ"എന്ന് ബഷീർ സ്വയം പരിചയപ്പെടുത്തുന്നു. കലയെക്കുറിച്ച് വളരെ വിശാലമായ കാഴ്ചപ്പാടാണ് ബഷീർ മുന്നോട്ടുവയ്ക്കുന്നത്. "ക..ല എന്ന് രണ്ടക്ഷരങ്ങളുടെ ഇടയിൽ ഭൂഗോളത്തെയും സൂര്യചന്ദ്രന്മാരെയും നക്ഷത്രങ്ങളെയും സൗരയൂഥ അണ്ഡകടാഹങ്ങളെയും എല്ലാ പ്രപഞ്ചങ്ങളെയും ഞാൻ കാണുന്നു." ഈ വിശാല പ്രപഞ്ചവീക്ഷണമാണ് "സർവ്വജീവികളും ഭൂമിയുടെ അവകാശികളാണ് " എന്ന ബഷീറിന്റെ കാഴ്ചപ്പാടിലും പ്രതിഫലിക്കുന്നത്.

"തലയോലപ്പറമ്പിൽ ഒരാൾ തലയിൽ ഓലയുമായി ജനിച്ചു. ആ ഓല വായിച്ച് അയാൾ വിശ്വത്തിന് വായിക്കാനുള്ള ഒരു ഓലയായി. ആ ഓലയാണ് ബഷീർ. ആകാശം പോലെ വിശാലമായ ഒരു വയലിന്റെ നടുവിൽ നിൽക്കുന്ന വലിയൊരാലാണ് ബഷീർ. പണിയെടുത്തും പട്ടിണികിടന്നും എല്ലു മിടുക്കും ചെല്ലുമിടുക്കും നേടിയ പച്ച മനുഷ്യനാണ് ബഷീർ. ബഷീറിന് ഭാഷയുണ്ട് ബഷീർ എന്ന ഭാഷ." കുഞ്ഞുണ്ണി മാഷുടെ ഈ വാക്കുകളിലൂടെ ബഷീർ സാഹിത്യത്തിന്റെയും ബഷീറിന്റെയും ഒട്ടേറെ സവിശേഷതകൾ മനസ്സിലാക്കാം. പോക്കറ്റടിക്കാരിനിലും കള്ളനിലും തെരുവ് ജീവിതം നയിക്കുന്നവരിലും ബഷീർ നൻമകണ്ടെത്തി. കാണാത്തത് കാണുന്ന കലയുടെ ധർമ്മം ബഷീർ അങ്ങനെ പൂർത്തീകരിച്ചു. 1930 ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന് അദ്ദേഹം ജയിൽവാസം അനുഭവിക്കേണ്ടിവന്നു.

"സാമർത്ഥ്യമോടെ പൊരുതി മാറി ഞാൻ കലാ
സീമയിലോളമുയർത്തിയില്ലായ്മയെ"
(ഇടശ്ശേരി)

ജന്മദിനത്തിൽ പോലും വയർ നിറച്ച് ഭക്ഷണം ലഭിക്കാത്ത അവസ്ഥ; ജയിലിൽ ലഭിച്ചിരുന്ന കഞ്ഞിയിൽ നിന്നും ചത്ത പുഴുക്കളെ വകഞ്ഞുമാറ്റി കുടിക്കേണ്ടിവന്ന അനുഭവം തുടങ്ങി ഒട്ടേറെ ജീവിതനിരപ്പാടുകളിൽ നിന്നാണ് ബഷീറിന്റെ ഹാസ്യം ഉണ്ടായത്. കരച്ചിലും കണ്ണീരും ചിരിയായി മാറുന്ന രാസവിദ്യയാണ് ബഷീറിന്റെ രചനകളിൽ പ്രത്യക്ഷപ്പെടുന്നത്.
1994 ജൂലൈ 5ന് ബഷീർ അന്തരിച്ചു

പുരസ്കാരങ്ങൾ

- 1970 കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ്
- 1981 കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പ്
- 1992 ലളിതാംബിക അന്തർജ്ജനം അവാർഡ്
- 1993 വള്ളത്തോൾ പുരസ്കാരം

നോവലുകൾ

ബാല്യകാലസഖി, പ്രേമലേഖനം, ന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക്, മാന്ത്രികപ്പൂച്ച, ജീവിതനിഴൽപ്പാടുകൾ, മുച്ചിട്ടു കളിക്കാരന്റെ മകൾ

കഥകൾ

ഭൂമിയുടെ അവകാശികൾ, ജന്മദിനം, ഓർമ്മക്കുറിപ്പ്, വിഡ്ഢികളുടെ സ്വർഗ്ഗം, വിശപ്പ്, ആനപ്പൂട, ശിങ്കിടിമുണ്ടൻ, ലാഇലാഹി

നാടകം

കഥാബീജം

## കുഞ്ചൻ നമ്പ്യാർ

പള്ള വീർക്കെ, ദ്ദഹനത്തിനായി -
തുള്ളി പണ്ടെന്റെ നാട്ടിലെക്കാവ്യം
(ഭാവത്രയം - ചങ്ങമ്പുഴ )

പാണ്ഡിത്യപ്രകടനത്തിന്റെ ദുർമേദസ്സ് ഭാഷയിലുണ്ടായപ്പോൾ, കുഞ്ചൻ നമ്പ്യാർ തുള്ളലിലൂടെ ഭാഷയെ സാധാരണ ജനജീവിതത്തോടടുപ്പിച്ചു.

"ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരു കേരളഭാഷ തന്നെ ചിതംവരൂ
കടുകടെപ്പടുകഠിന സംസ്കൃത വികട കടു കവികേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേറ്റുടൻ"

ചിരിക്കുന്ന കഥ കേട്ടാൽ രസിച്ചിരിക്കുകയും അങ്ങനെയല്ലെങ്കിൽ ഇരിക്കാതെ പിരിഞ്ഞു പോവുകയും ചെയ്യുന്ന സാധാരണ മനുഷ്യർക്ക് വേണ്ടിയാണ് അദ്ദേഹം തുള്ളൽക്കവിതകൾ രചിച്ചത്. തുള്ളലുകളിലെ ഭാഷ സാധാരണക്കാരനു വേണ്ടി നമ്പ്യാർ ചിട്ടപ്പെടുത്തി.

"മാധുര്യ ഗുണങ്ങളും അക്ഷരവ്യക്തിയും വേണം
സാധുത്വം പദങ്ങൾക്കും സന്തതം സംഭവിക്കേണം
ഹാസത്തിന്നൊരു മാർഗം ചിലദിക്കിലതും വേണം
പ്രാസത്തിനൊരേടത്തും കുറവില്ലാതിരിക്കേണം."

അത്യന്തം ലളിതവും ആകർഷകവുമാണ് തുള്ളൽ കൃതികളിലെ ഭാഷ. ജനങ്ങളുടെ ജീവിതാനുഭവങ്ങളിൽ നിന്നാണ് പഴഞ്ചൊല്ലുകളും ശൈലികളും ഉണ്ടാകുന്നത്. ജനകീയ കവിയായ നമ്പ്യാർ പഴഞ്ചൊല്ലുകൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ

1- "മുല്ല പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം"
2- "ഗതി കെട്ടാൽ പുലി പുല്ലും തിന്നും"
3- "പടിക്കൽ പാറ പൊന്നെങ്കിൽ
പാതി തേവർക്കെന്ന പോലെ"

ഒട്ടേറെ ജനകീയ കഥാപാത്രങ്ങൾ പേരുകളോടുകൂടി തുള്ളൽക്കവിതകളിൽ കടന്നുവരുന്നുണ്ട്. ആ പേരുകളെല്ലാംതന്നെ സമൂഹത്തിന് സുപരിചിതങ്ങളാണ്. പുരാണേതിഹാസ കഥകൾ വർണിക്കുമ്പോഴും കേരളീയരായ ഒട്ടേറെ സാധാരണ ജനങ്ങൾ തുള്ളൽ കൃതികളിൽ പ്രത്യക്ഷപ്പെടുന്നു. അണ്ണൻ, പട്ടര്, ഇക്കാളി, ഇട്ടിക്കാളി, ഇട്ടുണ്ണി, ഈച്ചര നായര്, ഉണ്ണാമൻ, കോത, ഉണ്ണൂലി, ചാത്തു, കുഞ്ഞിപ്പെണ്ണ്, നാണി, നങ്ങേലി  ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ തുള്ളലുകളിലുണ്ട്. കുരീപ്പുഴ ശ്രീകുമാർ പറയുന്നതു നോക്കാം, "ജീവിച്ചിരിക്കുന്ന സൗന്ദര്യബോധമുള്ള മനുഷ്യനാണ് കവിതയുടെ ചൂള. കടലിനും കഥനാംബരത്തിനുമിടയിൽ വിലയിച്ചും വിനയിച്ചും നിൽക്കുന്ന പാവം മനുഷ്യൻ."
1705 ലാണ് കുഞ്ചൻ നമ്പ്യാർ ജനിച്ചത്. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച അദ്ദേഹം 1770 ൽ അന്തരിച്ചു.

കൃതികൾ

*ഓട്ടൻതുള്ളൽ*

സ്യമന്തകം, രുക്മണീസ്വയംവരം , ബാണയുദ്ധം, സന്താനഗോപാലം, ബാലിചരിതം, ഗോവർദ്ധനചരിതം.

*പറയൻതുള്ളൽ*

സഭ പ്രവേശം, പുളിന്ദീമോക്ഷം, ദക്ഷയാഗം, കീചകവധം, ത്രിപുരദഹനം, ഹരിശ്ചന്ദ്രചരിതം.

*ശീതങ്കൻതുള്ളൽ*

കല്യാണസൗഗന്ധികം, പൗണ്ഡ്രകവധം, ധ്രുവചരിതം, ഹരിണീസ്വയംവരം, കൃഷ്ണലീല, ദക്ഷയാഗം, കീചകവധം, ത്രിപുരദഹനം.

*ഇതര കൃതികൾ*

പഞ്ചതന്ത്രം കിളിപ്പാട്ട്, ശ്രീകൃഷ്ണചരിതം മണിപ്രവാളം, ശിവപുരാണം, വിഷ്ണുഗീത, നളചരിതം കിളിപ്പാട്ട്, ശീലാവതി നാല് വൃത്തം.

## അനുബന്ധം

1

### കടംകഥയ്ക്കുള്ളിലെ കഥ

"മുത്തച്ഛാ, ഒരു കളി!"
അപ്പുവും ഗായത്രിയും ജലജയും അടുത്തു കൂടി.
"എന്തു കളിയാ വേണ്ടത്?"
"എന്തെങ്കിലും ഒരു കളി."
"എന്നാൽ നമുക്കൊരു ഒളിച്ചുകളിതന്നെ ആവാം. ഭാഷകൊണ്ടുള്ള ഒരൊളിച്ചുകളി.
അങ്ങനേം ഉണ്ടോ ഒരു കളി?" ഗായത്രിക്കു സംശയം.
"ഭാഷതന്നെ ഒരൊളിച്ചുകളിയാണ് ഗായത്രീ അമ്മ എന്നെഴുതുമ്പോൾ നമ്മൾ അതിനകത്ത് ഒരു ശബ്ദം ഒളിപ്പിച്ചുവച്ചിട്ടുണ്ട്; ഒരർത്ഥം ഒളിപ്പിച്ചുവച്ചിട്ടുണ്ട്.

അതറിയുമ്പോഴേ നമുക്കു രസമുള്ളൂ. ആന എന്നെഴുതുമ്പോൾ നാമതിൽ കാണുന്നത് വേറൊരു
ശബ്ദവും അർത്ഥവുമാണ്."
"അതു ശരിയാ! ഇതാണോ കളി?"
"അല്ല. കുട്ടികൾക്കുവേണ്ടി കുട്ടികൾതന്നെ ഉണ്ടാക്കിയ കുട്ടികളുടെ കളി. സാമ്പിളിന് ഒരെണ്ണം പറയാം."
"ഒരു വരി, ഒരായിരം കടം. എന്താ?"
"ഓ... കടംകഥ!" ജലജയ്ക്ക് കാര്യം പിടികിട്ടി.
"അതെങ്ങന്യാ കുട്ടികൾക്കുവേണ്ടി കുട്ടികളുണ്ടാക്കിയ കളിയാവാ?" ഗായത്രിയാണ്.
മുത്തച്ഛൻ വിശദീകരിച്ചു:
"കടംകഥകളെല്ലാംതന്നെ ബാലഭാവനയുടെ സന്താനങ്ങളാണ്. ഒരുപക്ഷേ, മുതിർന്നവരുടെ നാവിൽനിന്നും വന്നവയായാലും അതിനു രൂപം കൊടുത്തത് ഒരു ബാലമനസ്സാവണം. അത് ഏറ്റവും രസിക്കുന്നതും കുട്ടികളാണ്. ഭാഷ ഏറെക്കുറെ അടുക്കോടെ പറയാൻ തുടങ്ങുന്ന മൂന്നുവയസ്സു മുതൽ കുട്ടികൾക്ക് കടംകഥ ആസ്വദിക്കാൻ കഴിയും. ആസ്വദിക്കുക മാത്രമല്ല, സ്വന്തമായി കടംകഥ ഉണ്ടാക്കുകവരെ ചെയ്യും. ടോർച്ച് ലൈറ്റ് ചുവരിൽ പതിച്ചു കണ്ടപ്പോൾ "കുഴലീന്ന് ഒരമ്പിളിമാമൻ" എന്ന കടംകഥ കണ്ടെത്തിയത് ഒരു നഴ്സറിക്കുട്ടിയാണ്. "
"മുത്തച്ഛൻ പറഞ്ഞ ഒരു വരി ഒരായിരം കടം എന്ന കടംകഥയുടെ ഉത്തരം എന്താ?" അപ്പു ചോദിച്ചു. "ജലജേച്ചിക്കറിയ്യോ?"
"അറിയാം. ഈർച്ചവാൾ. അറക്കവാൾ എന്നും പറയും."
കടങ്കഥയുള്ള കഥയാണ്."
"ആരുടെ കഥയാ മാമാ?"
"ഈഡിപ്പസ് രാജകുമാരൻ കഥ. അതൊരു നീണ്ട കഥയാണ്. ഗ്രീക്ക് പുരാണകഥ.
കഥ മുഴുവൻ ഇപ്പോൾ പറയാൻ നേരമില്ല.
കടങ്കഥ വരുന്ന ഭാഗം മാത്രം പറയാം."
"അതുമതി മാമാ. ബാക്കി ഞങ്ങൾ തേടിപ്പിടിച്ചു വായിച്ചോളാം.""മിടുക്കി.
അങ്ങനെതന്നെയാ സരിതേ വേണ്ടത്. ഈഡിപ്പസ് രാജകുമാരൻ ഒരു ദിവസം ഒരു രഹസ്യമറിഞ്ഞു. ഒരു പ്രവാചകനിൽനിന്നുമറിഞ്ഞു. അറിഞ്ഞ് ഞെട്ടിവിറച്ചു!"
"എന്താ മാമാ രാജകുമാരനറിഞ്ഞ രഹസ്യം?"
"താൻ സ്വന്തം അച്ഛനെ കൊല്ലുമെന്ന്! സ്വന്തം അമ്മയെ കല്യാണം കഴിക്കുമെന്ന് !" "അയ്യോ കഷ്ടംതന്നെ."
"അതേ. മഹാകഷ്ടംതന്നെ. രാജകുമാരൻ അതറിഞ്ഞ് ഞെട്ടിവിറച്ചു. വല്ലാതെ സങ്കടപ്പെട്ടു.
അതൊന്നും സംഭവിക്കാതിരിക്കാൻ . കൊട്ടാരം വിട്ടിറങ്ങി.
ദുഃഖത്തോടെ അലഞ്ഞു നടന്നു."
"എന്നിട്ട്?"
"അങ്ങനെ നടക്കുമ്പോൾ വഴിയിലൊരു വഴിയാത്രക്കാരനെ കണ്ടു. അയാളുമായി വഴക്കുണ്ടാക്കി. വഴക്കുമൂത്തപ്പോൾ അയാളെ കൊന്നു!"
"അതാരായിരുന്നു മാമാ?" "ഈഡിപ്പസിൻറെ അച്ഛൻ തന്നെ." "അയ്യയ്യോ! അച്ഛനാണെന്ന് ഈഡിപ്പസിന് മനസിലായില്ലേ?"
"ഇല്ല.
ഈഡിപ്പസ് സ്വന്തം അച്ഛനെ കണ്ടിരുന്നില്ല
"പാവം!"

"അങ്ങനെ സ്വന്തം പിതാവിനെ കൊന്നിട്ട്
ഈഡിപ്പസ് രാജകുമാരൻ മുന്നോട്ട് നടന്നു.
നടന്നു നടന്ന് കുറെ ചെന്നപ്പോൾ
അതാ ഒരു രാക്ഷസി."
" രാക്ഷസിയോ?"
"അതേ.
ഒരു സ്ത്രീനരസിംഹം.
തല ഒരു സ്ത്രീയുടെ.
ശരീരം ഒരു സിംഹത്തിൻറ
പുറകിൽ പാമ്പുപോലെ വളഞ്ഞ വാൽ.
ഇരുവശത്തും പക്ഷികളുടേതുപോലെ ചിറകുകൾ.
ആ രാക്ഷസി വഴി തടഞ്ഞുനിന്നു."
"രാക്ഷസിക്ക് എന്താ വേണ്ടിയിരുന്നത്?"
"പറയാം.
അവൾ അനേകകാലമായി
ആ വഴിയിൽ നിന്നിരുന്ന അതിലെ ആരു പോയാലും അവൾ തടയും.
തടഞ്ഞിട്ട് ഒരു കടങ്കഥ ചോദിക്കും.
ആർക്കും ഉത്തരം പറയാൻ പറ്റാത്ത ഒരു കടങ്കഥ
ഉത്തരം പറയാനാകാതെ വഴിയാത്രക്കാരൻ നില്ക്കും. അപ്പോൾ രാക്ഷസി അയാളെ കൊല്ലും.
ഇതായിരുന്നു അവളുടെ പതിവ്." "എന്നിട്ട്? ഈഡിപ്പസിനോടും കടങ്കഥ ചോദിച്ചോ?"
"മാമാ ആ കഥ പറയൂ."
"പറയാം.
ഈഡിപ്പസ് വഴിയിലൂടെ വരുന്നത് രാക്ഷസി കണ്ടു. അവൾ ഒററ അലറൽ! എന്നിട്ടു വഴിയുടെ നടുവിൽ ചെന്നുനിന്നു. വഴി തടഞ്ഞുനിന്നു.
എന്നിട്ട് അലറിവിളിച്ചു പറഞ്ഞു:
"മരിക്കേണ്ടയെങ്കിലുടൻ പറയുക. എൻറെ കടങ്കഥയ്ക്കുത്തരം പറയുക. ശബ്ദമുണ്ട്, നാലു കാലുണ്ട്, പിന്നെ രണ്ടു കാലുണ്ട്, പിന്നെ മൂന്നു കാലുമുണ്ട്.
എന്താണതെന്നുടൻ പറയുക.
അല്ലെങ്കിൽ നിന്നെ ഞാനീ നിമിഷം കൊല്ലും!"
"അയ്യോ.
കേട്ടിട്ടു പേടിയാകുന്നല്ലോ."
"പേടിച്ചാൽ പററുമോ പാർവതീ?
കടങ്കഥയ്ക്ക് ആ നിമിഷം ഉത്തരം കണ്ടെത്തണം.
അല്ലെങ്കിൽ രാക്ഷസി കടിച്ചുകീറും. കീറിമുറിച്ചു കൊല്ലും. പേടിച്ചാൽ പറ്റില്ല. ആലോചിക്കണം.
ബുദ്ധി ഉപയോഗിക്കണം. ശാന്തമായി ചിന്തിക്കണം." "ഞാനാണെങ്കിൽ പേടിച്ചു വിറച്ചു വീണേനെ!" "ധീരന്മാർ പേടിക്കില്ല തോമ്മസേ. ഈഡിപ്പസ് ശാന്തമായി ആലോചിച്ചു. എന്തിനാണ് ശബ്ദിക്കാൻ കഴിയുന്നത്? ആദ്യം നാലുകാലിൽ നടക്കാൻ കഴിയുന്നത്? പിന്നെ രണ്ടുകാലിൽ നടക്കുന്നത്?....... ആലോചിച്ചു വന്നപ്പോൾ ഈഡിപ്പസിന് ഉത്തരം കിട്ടി."
"ഹാവൂ! രക്ഷപ്പെട്ടു."

“ഈഡിപ്പസ് ശാന്തനായി, പുഞ്ചിരിച്ചുകൊണ്ട് രാക്ഷസിയെ നോക്കി. പിന്നെ പറഞ്ഞു. “മനുഷ്യൻ.”
“മനുഷ്യനോ? അതാണോ മാമാ ഉത്തരം.”
“അതേ.
മനുഷ്യന് ശബ്ദമുണ്ട്. മനുഷ്യൻ ശിശുവായിരിക്കുമ്പോൾ നാലുകാലിൽ നീന്തി നടക്കുന്നു!”
“ഓ അതു ശരി!”
“പിന്നീട് മനുഷ്യൻ രണ്ടുകാലിൽ നടക്കുന്നു.
“പിന്നീടോ?”
“വയസ്സാകുമ്പോൾ വടി കുത്തി നടക്കും; അല്ലേ മാമാ
“അതേ.
അപ്പോൾ കാല് മൂന്നായില്ലേ? രണ്ടു കാലും ഒരു വടിക്കാലുംകൂടി മൂന്നു കാല്!” “ഹഹഹഹ! മനസ്സിലായി മാമാ.”
“കടങ്കഥയുടെ ഉത്തരം പറഞ്ഞപ്പോൾ രാക്ഷസി ഈഡിപ്പസിനെ വിട്ടോ?”
“ഈഡിപ്പസിനെ ആ രാജ്യത്തെ രാജാവാക്കി. എന്നിട്ട് തന്റെ ജീവനൊടുക്കി.”
“അതെന്തിനാ മാമാ രാക്ഷസി സ്വയം മരിച്ചത്?”
“തൻറെ കടങ്കഥയ്ക്ക് അന്നുവരെ ആരും ഉത്തരം കണ്ടെത്തിയിരുന്നില്ല.... ഇപ്പോഴിതാ ഒരാൾ ഉത്തരം കണ്ടുപിടിച്ചു. ഇനി താനെന്തിനു ജീവിച്ചിരിക്കണം? അങ്ങനെ ചിന്തിച്ചാകാം അവൾ ആത്മഹത്യ
ചെയ്തത്.”
“ആ രാക്ഷസിക്ക് തൻറെ കടങ്കഥയോട് അത്രയധികം സ്നേഹമായിരുന്നിരിക്കണം.”
“മാമാ ഈ കടങ്കഥക്കഥ കൊള്ളാം.”
“പാർവതിക്കു വലിയ ഇഷ്ടമായോ?”
“ഉവ്വ്.”
“മാമാ ഈഡിപ്പസിന്റെ കഥ ബാക്കി പറഞ്ഞില്ല.”
“അതു പറഞ്ഞാൽ മാമനും നിങ്ങളും കരയും.”
“കരുണരസം കരകവിയും കഥ, അല്ലേ മാമാ?” “കേട്ടാൽ കരളുരുകി കരളുരുകി നാം കരയും. ഇപ്പോൾ അതു പറയാൻ പോയാൽ നമ്മുടെ കടങ്കഥക്കളികൾ മുടങ്ങും.” “എന്നാൽ പിന്നീടൊരു ദിവസം മതി മാമാ.”
“ശരി.
മാമൻ മറ്റൊരു കടങ്കഥരഹസ്യം പറയാം. രാക്ഷസി ഈഡിപ്പസിനോടു ചോദിച്ച കടങ്കഥയില്ലേ?
അത് അതിലും വിശദമായി മലയാളത്തിലുമുണ്ട്.”
“എങ്കിൽ കേൾക്കട്ടെ മാമാ.”
“കൊഞ്ചിക്കൊഞ്ചി നാലേകാല് കൊഞ്ചലു തീർന്നാൽ രണ്ടേകാല് അറുപത് എഴുപത് മൂന്നേകാല് ആകെത്തൊണ്ണൂറാറേകാല്.”
“മാമാ, അതിലെ കുറച്ചു ഭാഗം മനസ്സിലായി. കൊഞ്ചി നടക്കുന്ന കാലത്ത് നാലുകാലിൽ നീന്തുന്നു. കൊഞ്ചലു കഴിഞ്ഞാൽ നടക്കാൻ പഠിക്കുന്നു. അതായത് രണ്ടുകാലിൽ നടക്കുന്നു. ശരിയല്ലേ മാമാ.”
“അത്രയും ശരിയാണ് കൊച്ചുമുഹമ്മദേ.”
“അറുപത് എഴുപത് വയസ്സായാൽ വടി കുത്തി നടക്കുന്നു. അപ്പോൾ വടികൂടി കൂട്ടിയാൽ മൂന്നുകാല്.”

"ശരിയാ കൊച്ചുമുഹമ്മദേ."
"ബാക്കി മനസ്സിലാകുന്നില്ലല്ലോ."
"ആലോചിച്ചാൽ മനസ്സിലാകും.
തൊണ്ണൂറു വയസ്സായാൽ വടികുത്തി നടക്കാനും പറ്റാതാകും.
അപ്പോൾ കട്ടിലിൽ കിടപ്പാകും. കട്ടിലിന്റെ നാലുകാലും കിടക്കുന്നയാളിന്റെ രണ്ടു കാലും; ആകെ ആറു കാലായില്ലേ?"
ഈ കടങ്കഥ രാക്ഷസിയുടെ കടങ്കഥയിലും കേമമാണു
"ശരിയാ. രാക്ഷസി, വടികുത്തി നടക്കുന്നതുവരെ മാത്രമല്ലേ കടങ്കഥയിൽ ഉൾപ്പെടുത്തിയുള്ളൂ. നമ്മുടെ കടങ്കഥയിൽ അതിനുമപ്പുറത്തെ കാര്യമുണ്ടല്ലോ.'
"മാമാ."
"എന്താ ഹരികൃഷ്ണാ."
"മാമനൊരു മറുനാടൻ കഥയല്ലേ പറഞ്ഞത്?"
"അതേ."
"ഞാനൊരു തനി നാടൻകഥ പറയട്ടെ?"
"കടങ്കഥയുള്ള കഥയാണോ?"
"അതേ മാമാ.
എൻറെ അമ്മ പറഞ്ഞുതന്ന കഥയാണ്."
"എങ്കിൽ പറയൂ. കേൾക്കട്ടെ."
"പണ്ടുപണ്ട് ഒരു ദിവസം..."
"ആഹാ! ഇതൊരു പഴങ്കഥ പറയും പോലുണ്ടല്ലോ."
"മാമൻ കളിയാക്കാതെ കഥ കേൾക്കൂ."
"ശരി."
"ഒരു വീട്ടുപടിക്കൽ ഒരു സഞ്ചാരി എത്തി.
ആ വീടിന്റെ ഉടമസ്ഥൻ ഒരു ബ്രാഹ്മണനായിരുന്നു. സഞ്ചാരിയെ കണ്ട് ബ്രാഹ്മണൻ സന്തോഷിച്ചു."
"അതെന്താ ഹരികൃഷ്ണാ?"
"അന്ന് ഒരു അതിഥിയെ സത്കരിക്കാമല്ലോ. അതൊരു പുണ്യകർമ്മമല്ലേ?"
"ശരി ശരി."
"വീട്ടുപടിക്കലെത്തിയിരിക്കുന്നതോ സാധാരണക്കാരനൊന്നുമല്ല.
മുഖം കണ്ടാലതറിയാം.
സൂര്യനെപ്പോലുണ്ട്.
എന്തൊരു തേജസ്സ്!
എന്തൊരു ശാന്തഗംഭീരഭാവം. ബ്രാഹ്മണൻ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി.
ഇന്ന് തൻറെ അതിഥിയാകാൻ അപേക്ഷിച്ചു."
"എന്നിട്ട്?"
"അദ്ദേഹം അതു സമ്മതിച്ചു.
'പക്ഷേ എനിക്ക് ഊണിന്
നൂറ്റൊന്നു വിഭവങ്ങൾ വേണം.
ഊണു കഴിഞ്ഞാൽ മൂന്നു പേരെ തിന്നണം. അതു കഴിഞ്ഞാൽ നാലുപേർ എന്നെ ചുമക്കണം.'
അദ്ദേഹം പറഞ്ഞു."

“ഊണിന് നൂറ്റൊന്നു വിഭവങ്ങളോ!” “അതേ പാർവതി.” “ഊണു കഴിഞ്ഞാൽ മൂന്നു പേരെ തിന്നണമെന്നോ!” “അതേ രൂപക്കുട്ടീ.”
പിന്നെ നാലുപേർ ചുമക്കണമെന്നോ!” “
“അതേ കൊച്ചുമുഹമ്മദേ.”
“ഇതൊക്കെ കേട്ട് ആ ബ്രാഹ്മണൻ പേടിച്ചില്ലേ?”
“പക്ഷേ, പേടിക്കാത്ത ഒരാൾ ആ വീട്ടിലുണ്ടായിരുന്നു.” “അതാരാണ്?”
“ഒരു മിടുമിടുക്കി.
ഒരു സുന്ദരിക്കുട്ടി.”
“ബ്രാഹ്മണന്റെ മകളായിരുന്നോ?”
“അതേ.
വളർത്തുമകൾ.
“അച്ഛാ അദ്ദേഹത്തോടു കുളിച്ചുവരാൻ പറയൂ. എല്ലാം ശരിയാക്കാമെന്നു പറയൂ.’ മകൾ അങ്ങനെ പറഞ്ഞു.”
“എന്നിട്ട്?”
“അദ്ദേഹം കുളികഴിഞ്ഞു വന്നു. അപ്പോൾ അവൾ ഇഞ്ചിക്കറി കൂട്ടി ഊണു കൊടുത്തു. ഇഞ്ചിക്കറി നൂറ്റൊന്നു കറിക്കു സമമാണ്. അക്കാര്യം ആ മിടുക്കിക്കറിയാമായിരുന്നു. ഊണു കഴിഞ്ഞപ്പോൾ അവൾ അദ്ദേഹത്തിന് മൂന്നും കൂട്ടി മുറുക്കാൻ നല്കി.”
“മൂന്നും കൂട്ടിയോ?”
“അതേ.
വെറ്റില, പാക്ക്, ചുണ്ണാമ്പ് ഇവ.
അതാണ് മൂന്നു പേരെ തിന്നണമെന്നു പറഞ്ഞത്!”
“ഓ അതു ശരി.”
“മുറുക്കു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു കിടക്കാൻ കട്ടിൽ കൊടുത്തു.
കട്ടിൽക്കാലുകൾ നാലും ചേർന്ന് അദ്ദേഹത്തെ ചുമന്നു!”
ഓഹോ, അവരായിരുന്നോ ചുമക്കേണ്ടവർ!”
“ അതേ”
“ഇത് ഒരു നല്ല കടങ്കഥയാ ഹരികൃഷ്ണാ.” “ശരിയാണ്.
പറച്ചിപെറ്റ പന്തിരുകുലത്തിൻറെ കഥയാണ് ഹരികൃഷ്ണൻ നമ്മളോടു പറഞ്ഞത്. കൂട്ടുകാരെല്ലാം ആ കഥ വായിക്കണേ നല്ല കഥയാണ് ഐതിഹ്യമാലയിലുണ്ട്.”
“ശരി മാമാ.”
“അപ്പോൾ കടങ്കഥകളുള്ള കഥകൾ പലതുണ്ടല്ലോ.”
“ഉണ്ട് ദീപു.”
“അവ തേടിപ്പിടിക്കുന്നതും ഒരു നല്ല കളിയാണല്ലോ.”
“അതേ. ഒരു നല്ല പഠനപ്രവർത്തനം.
അമ്മൂമ്മമാരോടും അപ്പൂപ്പന്മാരോടും ചോദിക്കണം.
മാസ്റ്റർമാരോടും ചോദിക്കണം.
അങ്ങനെ കടങ്കഥക്കഥകൾ ശേഖരിക്കൂ.”